# മഷിപ്പച്ച


ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 8 പേജുകൾ 39 നവംബർ 2024
















## വടക്കേടത്തിന്റെ സ്ഥൈര്യം

കഥ കവിത ഓർമ്മ ആസ്വാദനം

കാർട്ടൂൺ കേരളം


JOS ALUKKAS
A TRADITION OF FINE JEWELLERY
Parampara
ANTIQUE & HERITAGE JEWELLERY
ROUND EAST, THRISSUR. PH: 0487-2331812
KERALA | TAMIL NADU | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



**ബാ**ലചന്ദ്രൻ വടക്കേടത്ത് ഓർമ്മയായി. സാഹിത്യ നിരൂപകൻ എന്ന നിലയിൽ വേറിട്ട നിലപാടുണ്ടായിരുന്ന പ്രതിഭയാണ് കാല യവനികയിൽ മറഞ്ഞത്. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ടായും കേരള കലാമണ്ഡലം സെക്രട്ടറിയായും കേന്ദ്ര സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. വിശ്വ മലയാളോത്സവത്തിന്റെ സംഘാടനം വിവാദമായതോടെ മേൽനോട്ടം വഹിച്ചിരുന്ന ബാലചന്ദ്രൻ, കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് സ്ഥാനം രാജി വെച്ചൊഴിഞ്ഞതും ചരിത്രം.

വാക്കിന്റെ സൗന്ദര്യശാസ്ത്രം, നിഷേധത്തിന്റെ കല, വായനയുടെ ഉപനിഷത്ത്, രമണൻ എങ്ങനെ വായിക്കരുത് എന്നിവയാണ് പ്രധാന കൃതികൾ.

തന്റെ വാദമുഖങ്ങൾ ശക്തിയുക്തം അവതരിപ്പിച്ചിരുന്ന ബാലചന്ദ്രനുമായി എവിടെ എന്റെ അടുപ്പം ആരംഭിച്ചെന്ന് ചികഞ്ഞെടുക്കാൻ കഴിയില്ല. നിരന്തരം കണ്ടും കേട്ടുമൊക്കെ അതങ്ങനെ വളർന്നെന്നു പറയാം. ആർ ഐ ഷംസുദ്ദീൻ നേതൃത്വം കൊടുത്തിരുന്ന അങ്കണം സാംസ്കാരിക വേദിയുടെ തുണയാളായിരുന്ന കെ ആർ ജോൺസനുമായി ബാലചന്ദ്രന് ആത്മബന്ധമുണ്ടായിരുന്നു. അദ്ദേഹവുമായി കൂടുതൽ അടുക്കുന്നതിന് ജോൺസനും നിമിത്തമായിട്ടുണ്ട്. എന്റെ ആദ്യ പുസ്തകം, 'കനല് കാത്ത് താഴ്വരകൾ' എന്ന നോവലിന്റെ പ്രകാശന ചടങ്ങിൽ ബാലചന്ദ്രൻ പ്രാസംഗികനായിരുന്നു. 1989 ജനുവരിയിലെ ആ ദിവസം ഓർമ്മയിൽ നിന്നും മാഞ്ഞിട്ടില്ല. പൊതുപരിപാടികളിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ താല്പര്യപ്പെട്ടിരുന്ന നോവലിസ്റ്റ് വിലാസിനി ആയിരുന്നു പ്രകാശനം നിർവഹിച്ചത്.

തുടർന്നും പല വേദികളിൽ ബാലചന്ദ്രന്റെ ശ്രോതാവായി. ഒന്നിച്ചു നടന്നും ഒന്നിച്ചുണ്ടും തർക്കിച്ചുമൊക്കെ ഒരു ദശകത്തോളം കടന്നുപോയി. പിന്നെ ഭിന്ന ദിശകളിലായി നടത്തം. നേർക്കാഴ്ചകൾ കുറഞ്ഞെങ്കിലും അകൽച്ചയ്ക്ക് ഇടം ഉണ്ടായിട്ടില്ല. ബാലചന്ദ്രന്റെ എഴുത്തിലെ സ്വത്വ പ്രകാശനവും വിശകലന വൈദഗ്ദ്യവും ഭാഷയ്ക്ക് സമ്മാനിച്ച പുസ്തകങ്ങളിലൂടെയാകും വരുംകാലം അദ്ദേഹത്തെ തിരിച്ചറിയുക.

**സി ആർ രാജൻ**
**എഡിറ്റർ**




## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


## ഓർമ്മ

എൻ.ശ്രീകുമാർ .................. പേജ് 6

നുഷറ സി.എച്ച്. ................. പേജ് 32

## കഥ

സജന സന്തോഷ് ................. പേജ് 19

ഫൗസിയ നൗഷാദ്................ പേജ് 22

## ആസ്വാദനം

ശ്രീനന്ദിനി സജീവ്............... പേജ് 24

ഡോ. അജയ് നാരായണൻ .... പേജ് 26

## ആസ്വാദനം

ഫാത്തിമ സനിയ കെ. .......... പേജ് 29

## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 34

## കവിത

ബഷീർ മുളിവയൽ ............... പേജ് 8

സരസ്വതി കെ.എം. ............... പേജ് 9

ഷഫീന സൈത്തൂൻ............. പേജ് 10

രമ പിഷാരടി ...................... പേജ് 11

ദർശന ............................. പേജ് 12

കയ്യുമ്മു കോട്ടപ്പടി ............... പേജ് 13

ഉണ്ണികൃഷ്ണൻ മുതുകുളം..... പേജ് 14

നിബിൻ കള്ളിക്കാട്............. പേജ് 15


മഞ്ജു ഗണേഷ്.................. പേജ് 16

ഡോ. രമ്യരാജ്..................... പേജ് 17


കുഞ്ഞച്ചൻ മത്തായി ........... പേജ് 18












# വടക്കേടത്തിന്റെ സ്ഥൈര്യം

ഏതെങ്കിലും വിഷയത്തിൽ പ്രതികരിക്കാൻ ബാലചന്ദ്രൻ വടക്കേടത്തിന് അധിക സമയം വേണ്ട. കാരണം നിലപാട് ഒന്നേയുള്ളൂ.

രാഷ്ട്രീയം സാഹിത്യം എന്നിവ കൂടിച്ചേർന്നപ്പോൾ ലഭിച്ച കരുത്തെന്ന് പറയാം.

ഫാഷിസം, വർഗീയത, ഇന്നത്തെ മാർക്സിസ്റ്റ് നയം എന്നിവയെല്ലാം വിമർശിക്കപ്പെട്ടത് അതിനാലാണ്.

' വാക്കിന്റെ സൗന്ദര്യ ശാസ്ത്രം,' തേജോമയമാക്കിയ വടക്കേടത്ത് ജനാധിപത്യ സംരക്ഷണത്തിന് അതേ പേന തുറന്നു. സാഹിത്യകാരന് തെരുവ് രാഷ്ട്രീയ പ്രസംഗം അന്യമല്ലെന്ന് തെളിയിച്ചു. എഴുതി അവസാനിപ്പിക്കേണ്ടതല്ല സാഹിത്യകാരന്റെ ജീവിതമെന്ന് അദ്ദേഹം പഠിപ്പിച്ചു. ഒരിക്കൽ



എൻ.ശ്രീകുമാർ

പോലും ബാലൻ രാഷ്ട്രീയ നിറം മറച്ച് വെച്ചില്ല.



വടക്കേടത്ത് നിരീക്ഷിച്ചതും എഴുതിയതും പ്രസംഗിച്ചതും ഏതാണ്ട് ഒരേ നിറത്തിലായിരുന്നു. ചെമന്ന മഷിയിൽ മുക്കി എഴുതി കമ്മ്യൂണിസ്റ്റായാലേ പുരോഗമനാശയക്കാരനാകൂയെന്ന ചിന്ത ഇല്ലായിരുന്നു.

അഴീക്കോടും, സി പി ശ്രീധരനും കുട്ടികൃഷ്ണമാരാരും കെ.പി.അപ്പനും വി.രാജാകൃഷ്ണനുമൊക്കെ വിഹരിച്ച കാലത്ത് യുവ നിരൂപകനെന്ന വിശേഷണവുമായി ബാലൻ വന്നു. കൃതി കളെ അളന്ന് ആനുകാലികങ്ങളിൽ 'വിസ്തരിക്കുകയും 'വിവരിക്കുകയും ചെയ്തു.

എൺപതുകൾ മുതൽ കഥകളേയും കവിതകളേയും പക്ഷം പിടിക്കാതെ അദ്ദേഹം നിരീക്ഷിച്ചു.

ആർ.ഐ.ഷംസുദ്ദീന്റെ അങ്കണം സാംസ്കാരിക

വേദിയുടെ സഹായിയായിരുന്നു ബാലചന്ദ്രൻ. പിന്നീട് ആർ.ഐ.ഷംസുദ്ദീൻ സ്മൃതി പുരസ്കാരം ലഭിച്ചവരിൽ ഒരാൾ ബാലചന്ദ്രനായിരുന്നു.

യുഡിഎഫ് സർക്കാർ ഭരണവേളയിൽ കേരള സാഹിത്യഅക്കാദമി വൈസ് പ്രസിഡന്റായി. അക്കാലത്ത് ഭരണസമിതിയിലുണ്ടായ തർക്കത്തെ തുടർന്ന് ഒരുദിവസം രാവിലെ സത്യഗ്രഹ മിരുന്നു . പിന്നെ രാജി വച്ച് പോന്നു.

കോൺഗ്രസ് എന്ന ആശയവും പാരമ്പര്യവും ബാലൻ മറന്നില്ല. അസുഖത്തെ കൂസാതെ പാർട്ടിയുടെ സാംസ്കാരിക വേദികളിൽ എത്തി. ഞാനൊരു

കോൺഗ്രസാണെന്ന് എവിടേയും വിളിച്ച് പറയാൻ തന്റേടം കാണിച്ചു . അംഗീകാരത്തിന് മാനദണ്ഡം നിറമാണെന്ന് ചിലർ കരുതിയ കാലത്ത്

ഔദ്യോഗിക സ്ഥാപനങ്ങളുടെ അവാർഡ് കിട്ടിയില്ല.

മരണശേഷം പോലീസ് ബഹുമതി നൽകുന്ന കാര്യം ടി.എൻ.പ്രതാപൻ അധികൃതരെ ഓർമ്മിപ്പിച്ചപ്പോൾ തടസം അവാർഡ് പട്ടികയിൽ പേരില്ലാത്തതായിരുന്നു. എന്നാൽ പത്ത് അവാർഡുകളേക്കാൾ പത്തരമാറ്റുള്ള രചനകൾ ആസ്വാദക മനസിൽ ഉണ്ടെന്ന് അറിയാവുന്ന സാംസ്കാരിക വകുപ്പും മന്ത്രിമാരായ സജി ചെറിയാനും കെ.രാജനും പേരില്ലാത്തത് പ്രശ്നമാക്കാതെ ഒപ്പം നിന്നു.

'വാക്കിന്റെ സൗന്ദര്യ ശാസ്ത്രത്തിൽ' തുടങ്ങി 'വായനയുടെ ഉപനിഷത്തും, 'മരണവും സൗന്ദര്യവും തുടങ്ങി പുസ്തകങ്ങളിലൂടെ അദ്ദേഹം യാത്ര തുടർന്നു. 'ഇവിടെ ഫാഷിസം ആനന്ദിക്കുന്നു ' എന്ന വിമർശന രാഷ്ട്രീയ ഗ്രന്ഥത്തിൽ ബാലചന്ദ്രൻ ഉപസംഹരിച്ചതിങ്ങനെ.. സാഹിത്യത്തിന്റെ ദൗത്യമെന്ത് എന്ന അന്വേഷണം തന്നെയാണ് എഴുത്തുകാരന്റെ ചേരി ഏതെന്ന ചോദ്യത്തിലൂടെ വിവൃതമാവുന്നത്. മതവർഗ്ഗീയതയെയും കൊളോണിയൻ അടിമത്തത്തേയും ഫാഷിസത്തെയും പ്രതിരോധിക്കാൻ എഴുത്തിന് കഴിയേണ്ടതുണ്ട്. എഴുത്ത് ഒരു മതേതര പ്രവർത്തനം കൂടിയാണ്.

പുതിയ തലമുറയിലെ എഴുത്തുകാർ അവരുടെ ചേരി ഏതെന്ന് പ്രഖ്യാപിക്കണം. അല്ലെങ്കിൽ ഈ തലമുറ നാളെ തെറ്റിദ്ധരിക്കപ്പെട്ടേക്കാം. എഴുത്തുകാർ വർഗ്ഗീയതയുടേയും ഫാഷിസത്തിന്റെയും ചേരിയിലല്ലെന്ന് ഉറക്കെ പറയേണ്ട സാഹചര്യം വന്നിരിക്കുന്നുവെന്ന് വടക്കേടത്ത് സമർത്ഥിച്ചു.

പ്രസിദ്ധീകരിച്ച 25 പുസ്തകങ്ങളിലും സാഹിത്യ രാഷ്ട്രീയ വിമർശനങ്ങളുടെ തെളിമ കാണാം. ടി.പത്മനാഭനോട് കഥയെഴുത്ത് നിർത്തണമെന്ന് ആവശ്യപ്പെട്ട ബാലചന്ദ്രനും പപ്പേട്ടനും പിണങ്ങി . ആരും പറയാത്ത ആവശ്യമാണ് ബാലചന്ദ്രൻ ഉന്നയിച്ചത് . അത് അക്കാലത്ത് വലിയ ചർച്ചയായി.

70-ാം പിറന്നാളും അന്ന് മൂന്ന് പുസ്തകങ്ങളുടെ പ്രകാശനവും നടത്തണമെന്ന ആഗ്രഹം സഫലമാകാതെ ബാലൻ യാത്രയായി. എഴുതിയവ തന്നെ ആ സാഹിത്യ ജീവിതത്തെ സമ്പന്നമാക്കിയിരുന്നു. എന്നാൽ ഉറച്ച മനസിൽ നിന്നും ഇനിയും മരതക ശോഭയുള്ള വാക്കുകൾ മലയാള രാജ്യം പ്രതീക്ഷിച്ചു. അസുഖം അദ്ദേഹത്തെ കൂടുതൽ ദുർബലനാക്കി. അപ്പോഴും വായനയും ചിന്തയും നൽകിയ മനക്കരുത്തിൽ വടക്കേടത്ത് സഞ്ചരിച്ചു കൊണ്ടേയിരുന്നു.

വേർപാട് അറിഞ്ഞ് സാഹിത്യകാരൻ സി.രാധാകൃഷ്ണൻ കുറിച്ചതിങ്ങനെ 'നമ്മുടെ നഷ്ടം'

●

# ഏകാന്തതയെ ഒരു മരക്കസേര അതിജീവിക്കുന്ന വിധം



ബഷീർ മുളിവയൽ



ആളനക്കമില്ലാത്ത  വീടിന്റെ വരാന്തയിൽ
മരക്കസേര ഭൂതകാലം ഓർമിച്ചിരിക്കുന്നു!

ഓർമ്മയിപ്പോൾ
കസേരക്കൈകളെ കൊമ്പുകളാക്കിയിട്ടുണ്ടാകും
അതിൽ നിറയെ ചില്ലകൾ
ചില്ലയിലെമ്പാടും ഇലകൾ, കായകൾ
കായ കൊത്താൻ വരും കിളികൾ
ശിഖിരത്തിനുച്ചിയിലെ കിളിക്കൂട്
കൂട്ടിലിട്ട മുട്ട
മുട്ടയിൽ അടയിരിക്കും കിളി,
പറക്കമുറ്റാത്ത കിളിക്കുഞ്ഞ്,
കിളിക്കുഞ്ഞിന്റെ ചുവന്ന പൊളിവായ,
വായയിൽ അന്നവുമായി നീളും
തള്ളക്കിളിയുടെ കൊക്ക് !

കസേരക്കാലുകൾ വേരുകളായി
മണ്ണിനടിയിലേക്ക് വളരുന്നുന്നുണ്ടാകും
മണ്ണടരുകളിലൂടെ ജലം തേടിയുള്ള സഞ്ചാരം
വിത്തിന്റെ കിളിർപ്പും,
ദുർബലമായ തണ്ടും
അതിൽ വിടർന്ന രണ്ടിലകൾ
ഇലയെ കാർന്നു തിന്നാൻ വന്ന പുഴു!

വയസായി വീട്ടിൽ നിന്ന്
പുറത്തിറങ്ങാനാകാതെ
കൂനിയിരിക്കുന്നയാളെ പ്പോലെ
മരക്കസേരയും
പഴയ കാലത്തിന്റെ ഓർമയിൽ
തന്നെയായിരിക്കും
ഏകാന്തതയെ അതിജീവിക്കുന്നത്.

# കാണാൻ കൊള്ളാത്ത സ്വപ്നങ്ങൾ



സരസ്വതി. കെ. എം

പുലർച്ചെയായിരിക്കണം
ഞാനൊരു പുഴയായത്
ഉള്ളിൽ വെള്ളാരങ്കല്ലിന്റെ മീതെ
പുളകം കൊണ്ട് മീനുകൾ
ഒരിക്കലുമടയാത്ത
കണ്ണുകൊണ്ട് മിണ്ടി മിണ്ടി
വെള്ളത്തിന്റെ തുള്ളലിൽ
വെട്ടിത്തിരിയുന്ന തെരക്കിലാണറിയാതെ
വലയിൽ കുടുങ്ങിയത്.
ഒരു പിടച്ചിൽ
പ്രിയനോടൊന്ന് പറയാനാവാതെ
കണ്ണ് ചിമ്മിത്തുറക്കാനിട കിട്ടാതെ
പിടഞ്ഞ് പിടഞ്ഞ്
ശ്വാസം കിട്ടാതെയാണ് ഞെട്ടിയത്..

മത്സ്യമല്ലെന്നും വലയില്ലെന്നും
ശ്വാസംമുട്ടിയത് എനിക്കല്ലെന്നും
തിരിഞ്ഞത്
പിടച്ചിലിന്റെ അങ്ങേയറ്റത്താണ്.
കരക്കിട്ട മീനെപ്പോലെ
എന്ന്,
മനസ്സിനെ കലമ്പുന്ന
അമ്മയുടെ ഒച്ച ചിലമ്പിച്ചകന്നപ്പോൾ
അതിവിഹായമനന്തമാകാശത്തൊരു
പെൺമയിൽ
അതിനു പിന്നിൽ
അനിതരമഴകു വിടർത്തി
കൂകി കുറുകിയൊരാൺതുണ
അവരിറങ്ങിക്കുണുങ്ങുന്ന
പൂവാടിക്കരികിലേക്ക്
അതിസൂക്ഷ്മമെന്റെ കണ്ണിണ

പക്ഷേ,
കരണ്ടുറങ്ങുന്ന വേലിയും
കനിവില്ലാത്ത നോട്ടത്തെയും.
അകക്കണ്ണിലറിഞ്ഞാകണം
അവർ പറന്നകന്നു.
ചിറകില്ലാതെ പറക്കാൻ
പണ്ടേ പഠിച്ചതാണല്ലോ
പിന്നാലെ ഞാനും
വള്ളിപ്പടർപ്പിന്നൂഞ്ഞാൽ തുമ്പിൽ
അള്ളിപ്പിടിക്കെയാണ്
കാട് കണ്ടത്

കാടെന്തു കാട് !
മഴക്കു മഴയായാലും
കരിഞ്ഞ വെയിലായാലും
മഞ്ഞു പെയ്തു വിറങ്ങലിച്ചാലും
ഇങ്ങു പോന്നോളൂ
എന്ന് കാട്.
കാടെന്തു കാട് !
ഇലപെയ്ത മഴയും
മൃദുവാർന്ന തളിരും
കടുക്കുന്ന ചോപ്പും
തുടിക്കുന്ന കാട്
കാടെന്തു കാട്!

കാടാകെ ചുവന്നുതുടുത്ത്
ആകാശമേയെന്ന്
ഉള്ളുലാവുമ്പോഴേക്കും
തുരന്ന് തുരന്ന് ഒരു വെൺപുഴു
മരം കണ്ട സ്വപ്നങ്ങളെല്ലാം
കടയ്ക്കൽ വെച്ചു
കണ്ടിച്ച്,
ആഹ്ലാദം നുരഞ്ഞ് പൊന്തി
അർമാദത്തിന്റെ റാപ്പ് പാടാൻ
തുടങ്ങുമ്പോൾ

സ്വപ്നം,
അടുക്കളയിലേക്കുള്ള
കുറുക്കു വഴിയിൽ മരിച്ചു വീണു.
അതിന്റെ ചുണ്ടിന്റെറ്റത്ത്
അവരു പാടിയ
'കാടെന്ത് നേട്ടമെന്ന ', പാട്ടിന്റെ
അവസാന വരി ചളുങ്ങി നിൽക്കുന്നത്
കാണാത്തപോലെ
ഞാനത് കടന്നു വെച്ചു.
കണ്ടിട്ടും കാര്യമൊന്നുമില്ലെന്നത്
നമുക്കല്ലേ അറിയൂ!

# പ്രണയകാലങ്ങൾ

കവിത

സ്നേഹ ദൂരങ്ങളിൽ
എത്ര പെട്ടെന്നാണ് നേരങ്ങളവസാനിക്കുന്നത്?

വീഥികളിലാകെ തീതുപ്പി
ആകാശമുറങ്ങും,

കടൽ
ആരെയോ കാത്ത് തിരയുറഞ്ഞാടും!

വെന്തു പതംവന്ന പെൺകിതപ്പുകൾ കടലിലേ
ക്ക് ഊളിയിടും!

ഭയത്തെ പുറത്താക്കി
വാതിലടച്ച്
തീരത്തെ
കിടക്കവിരിയിൽ
വെറുതെ-
നുള്ളിനോവിക്കുന്ന ഞണ്ടുകളെ
ആട്ടിപ്പായിച്ച് തിരയെണ്ണിയെണ്ണി
മുറിപ്പെട്ട മുലക്കണ്ണുമായ്
പാതിയുറങ്ങും!

ചിലപ്പോൾ
മുറിവാലൻകിളിക്കൊപ്പം മറവിയുടെ മാന്ത്രിക
ച്ചെപ്പുതേടും!

ശേഷം,
അവളിടങ്ങളിൽ ഒന്നുമേ
ഓർമ്മകാണില്ല
ഒന്നും,,,,

എന്നിട്ടും
പകലിന്റെ പടിപ്പുരയിൽ
വിളക്കു വെച്ച് നേരമറിയാതെ
കാത്തിരിക്കും!

അന്നേരം
ഞാൻ,
പച്ചിലപ്പൊട്ടുവെച്ച മുല്ലവള്ളി!

ഒടുവിലെന്റെ
നാഭിയിൽ കവിത പൂക്കും!


വാക്കിൻ ചുണ്ടുകൊണ്ട്
കൈവെള്ളയിൽ ഞാനൊരു
താരകത്തുണ്ട് കൊത്തി വെക്കും.

അന്നേരമാണെനിക്ക്
ദൂരങ്ങളേറുന്നത്!

രാത്രിയുടെ കൊടിയിറക്കത്തിലെന്റെ
കാണാമറുക് മാഞ്ഞുപോകും,,,

അന്നെന്റെ പ്രണയ
കാലത്തിന് നേരം വെളുക്കും,,,,,

പകൽ
നേരത്തിന് ഞാനൊരു പേരിടും,
താമരപൂത്ത നഗ്നതയെന്ന്!



**ഷഫീന സൈത്തൂൻ**



കവിത

# വെളിച്ചപ്പാട്ട്



രമാ പിഷാരടി

ഇരുളമാവാസിദൂരം കടന്നിതാ-
വരുകയാണ് ദീപാവലീസന്ധ്യകൾ
കനലുമാധിയും, കാർമുകിൽത്തുണ്ടിലെ
മഴയിരമ്പവും ജലമായജാലവും;

പതിയെ നീന്തിക്കടന്ന് വന്നെത്തുന്ന
ഹൃദയഭൂമിയിൽ മിന്നാമിനുങ്ങ് പോൽ
ഋതുവതൊന്ന് വയ്ക്കുന്നു വിളക്കുകൾ
നിഴലെഴുത്തുകൾ മാഞ്ഞുപോയീടുന്നു..

സ്മൃതിയിൽ നിന്നശ്വിനത്തിന്റെ വാദനം,
വിരിയുമായിരം പൂത്തിരിക്കനലുകൾ
മിഴിതുറക്കുന്ന ദീപദീപാന്വയം
ഇരുളകറ്റുന്ന മണ്ണിൻ ചെരാതുകൾ


ലയമതെല്ലാം നിലച്ച ഗാനത്തിന്റെ
പുനർജനി പശ്ചിമാംബരക്കടലൊലി
ശിരസ്സെഴുത്തിലെ കഷ്ടകാലപ്പൊടിത്തരി-
മണൽ വീണ് നീറുന്ന ചിന്തകൾ

ഒരു മുഴംകയർത്തുണ്ടിലാത്മാവിനെ-
കുരുതിയേകുന്ന വാക്കിന്റെ വീതുളി!
രണമതിൽ തൊട്ടുഴിഞ്ഞ് വയ്ക്കും-
വ്യഥച്ചുരുളിലാളിപ്പടർന്ന തീക്കാറ്റുകൾ

മലകടന്ന് പോം മഴകൾക്കുമപ്പുറം
ഇലപൊഴിഞ്ഞ് പോം കാലത്തിനപ്പുറം
ഭ്രമണപാതയിൽ പാടാനിതേ പോലെ
ഒരു വെളിച്ചപ്പാട്ട്, ദീപം പ്രതീക്ഷകൾ..



# കരോൾബാഗിലെ ഫ്ലാറ്റ്



കവിത



ദർശന

ഇന്നലെ..

കരോൾബാഗിലെ പത്താം നിലയിലെ ഫ്ലാറ്റിൽ നിന്നും
ഞാൻ താഴേക്ക് വീണത് വേരറ്റ വൃക്ഷം പോലെയായിരുന്നു

വേരുകളപ്പാടെ പറിഞ്ഞുപോന്ന ഒരു വൃക്ഷം

നിലം പതിച്ചു കിടന്ന എന്റെ നരച്ചുപോയ തലമുടിച്ചുരുളു
കളെ തവിട്ടുരാശി കലർന്ന ചുവപ്പുനിറത്തിലാക്കിയ
ചോര പിന്നീട് ഉറഞ്ഞു കറുത്തുപോയി

ആദ്യചിത്രം മൊബൈലിൽ പകർത്തിയ എന്റെ സഹമുറി
യൻ വളരെ ആശ്ചര്യത്തോടെ അത്
മാധ്യമങ്ങളിൽ പങ്കുവച്ചിരുന്നു

അയാൾ എന്റെ ഒടിഞ്ഞ കഴുത്തോ
പൊട്ടിയ തലയോടോ കണ്ടില്ല

കണ്ണുകൾ പാതിയടഞ്ഞ എന്റെ മുഖം എന്നത്തേയുംകാൾ
ശാന്തമായി കാണപ്പെട്ടതായി അയാൾ നിരീക്ഷിച്ചത്രേ

കൺകോണിൽ തങ്ങിനിന്ന ഒരു തുള്ളി മിഴിനീർ വീനസ്
ഫ്ലൈ ട്രാപ്പിന്റെ അടഞ്ഞ പോളയിൽ തങ്ങിയ തുഷാരക
ണത്തെ ഓർമിപ്പിച്ചു പോലും .

ഒഴുകിയ ചോരയിൽ എന്റെ മുടിയിഴകളുടെ
അഴകും വ്യാപ്തിയും വർദ്ധിച്ചതായി അയാൾ
രേഖപ്പെടുത്തിയപ്പോൾ ചെറുപ്പത്തിലെങ്ങോ വായിച്ചു
മറന്ന ചുവന്നമുടിക്കാരിയെ നിങ്ങൾ ഓർത്തു കാണും

കൺമിഴിക്കേണ്ട ,

മരിച്ചുപോകുന്നവരെല്ലാം ത്രികാലജ്ഞാനികളാണ് .

പൂർവ്വ ബന്ധങ്ങളുടെ കെട്ടുപാടുകളില്ലാതെ അവരെല്ലാം
അറിയുന്നു, കാണുന്നു , കേൾക്കുന്നു .

അവരെല്ലായിടത്തുമുണ്ട്.
അവരുടെ നിശ്വാസമത്രേ കാറ്റ്

ഞാനും അവരിലൊരാളാകുന്നു .

എനിക്ക് നിങ്ങളുടെ മനസ്സ് വായിക്കാനാകും

നിങ്ങളിപ്പോൾ അനുഭവിക്കുന്നത് വിഭ്രാന്തിയുടെ
നിമിഷങ്ങളാണ്

കരോൾ ബാഗിലെ പത്താം നിലയിലെ ഫ്ലാറ്റിൽ ,
എന്റെ കിടക്കയിൽ , എത്രയെത്ര വിഖ്യാതരായ
എഴുത്തുകാരാണ് ഉറക്കത്തെ പങ്കിട്ടതെന്നു പറഞ്ഞാൽ

നിങ്ങൾ വിശ്വസിക്കയില്ല

ഞാനും അവരെപ്പോലെ എഴുതണമെന്ന് ആഗ്രഹിച്ചു

എന്നാൽ അവരെല്ലാരും കൂടി എന്റെ
തലച്ചോറിനെ ഉഴുതുമറിച്ചു

എവിടെ തുടങ്ങണമെന്നോ എവിടെ
അവസാനിപ്പിക്കണമെന്നോ അറിയാത്ത
പുസ്തകമായി ഞാൻ

നിങ്ങളിലേക്കെത്താൻ എനിക്കീ തടവറ
തകർക്കണമായിരുന്നു

കരോൾബാഗിലെ ബഹുനിലഫ്ലാറ്റിന്റെ
പോർച്ചിൽ നിന്നും ഞാൻ നിങ്ങളുടെ
കണ്ണുകളിലേക്ക് ചേക്കേറിയിരിക്കുന്നു

ഇനി നിങ്ങളുടെ കാഴ്ചകളെ നിയന്ത്രിക്കുന്നത്
ഞാൻ മാത്രമായിരിക്കും

വിഖ്യാതരായ എഴുത്തുകാരേ ,
നിങ്ങളെന്റെ കിടക്കയിൽ സ്വസ്ഥം ഉറങ്ങിക്കൊൾക

ഞാനീ കഥയിലൂടെ പ്രയാണമാരംഭിക്കട്ടെ .

കവിത

# ഒരു നിലാതുണ്ട്



കയ്യുമ്മു കോട്ടപ്പടി



*

പരാതിയൊ പരിഭവമൊ
എന്തെന്നറിയാതെ
ഒരു യാത്ര!
പല പല വഴികൾ...
പല പല സ്വപ്നങ്ങൾ .....
ഇരുട്ടിൽ പതുങ്ങി,
ഒപ്പം പ്രണയവും കൂട്ടി ......

നിശബ്ദമായ് പൊട്ടിയടരും
ശബ്ദമില്ലാത്ത ഒരു ശബ്ദം

കാലം മായ്ച്ചുകളഞ്ഞാലും
വീണ്ടും പുനർജ്ജനിക്കും
നമ്മുടെ ബാല്യകാല ശബ്ദം!

നിലാവിൻ തുണ്ടുപോൽ..

ഇഷ്ടമായെന്റെ ചുണ്ടിൽ
വീഴും മധുരമാം ശബ്ദം!

തളർന്ന നെടുവീർപ്പിലും
തളരാത്ത ശബ്ദം!
നാം മരിച്ചുവെന്ന് കരുതിയാലും
വീണ്ടും പുനർജ്ജനിയ്ക്കും
ആ തളരിതമാം ശബ്ദം!
ബാല്യകാല ശബ്ദം !
ഒരു നിലാതുണ്ടുപോൽ

# വാതിൽ

കവിത



ഉണ്ണികൃഷ്ണൻ
മുതുകുളം

സൂര്യൻ
പ്രത്യൂഷ ദീപ്തി ചൊരിയാതെ
മേഘത്തിലൊളിക്കുന്നു

വെൺതാമരപ്പൂ
രഹസ്യോന്മാദത്തെ
താലോലിക്കുന്നു.

നീലനിഴലുകൾ
ശോകാന്ധകാരത്തെ
പുണരുന്നു

ഭൂമി
ദുസ്സഹഭാരത്താൽ
ആഗ്നേയപിണ്ഡങ്ങൾ
ഹോമിക്കുന്നു

മനുഷ്യർ
ഒന്നുമറിയാതെ
വ്യാമോഹരേഖകൾ
വരയ്ക്കുന്നു

ലോകശ്ശാപങ്ങൾ
വിൽക്കുകയും വാങ്ങുകയും
ചെയ്യുന്നു.

ഏകാന്ത ശാന്തിക്കായ്
സർപ്പമായിഴയുന്നു

'ഗൂഢകാമുകനായ്
നിസ്ത്രപം വാതിൽ തുറക്കുന്നു '
വിഷവൃക്ഷത്തെ
ആശ്ലേഷിച്ചു കൊണ്ട്.



# ബലിപ്പൂവിന്റെ വസന്തം



നിബിൻ കള്ളിക്കാട്

## 1) സ്മൃതി

--------------

ഒരുമിച്ചു
നടന്നുപോയ
പാദമുദ്രയെ
പതുങ്ങിയെത്തിയ
കാറ്റ് മായ്ച്ചു...!

## 2) രുചി

------------

വാഴ്‌വിന്റെ
കണ്ണീരിന്റെ രുചി
ഒരിക്കലും
പുഞ്ചിരിക്ക്
അറിയില്ലായിരുന്നു.

## 3) ജന്മം

----------------

ദുഃഖം ചേർത്തു
ധനികനായോർ
തിരിച്ചറിവിലാണ്
മൗനിയായത് ..

## 4) മിച്ചം

----------------

മൊത്തം
ചിലവഴിച്ചപ്പോൾ
ശിഷ്ടമായോർമ്മ
പതിവായിരുന്നു
ഓരോ ജീവിതത്തിനും,

## 5) അടയാളം

-----------

മരണം
മുദ്രവച്ച സീലിൽ
ജീവിതം
പറ്റിപ്പിടിച്ചിരുന്നു...


## 6) ജീവിതം

----------------------

നീ
അകന്നശേഷം
വസന്തം
കരഞ്ഞിരുന്നെന്ന്
ശവകുടീരത്തിലെ
പൂക്കളെല്ലാം...!



# ലിംഗനീതി



മഞ്ജു ഗണേഷ്

മഴത്തുള്ളി കിലുക്കങ്ങളി
ലത്താളം മുറുക്കുമ്പോൾ
മയിൽപീലിക്കണ്ണുകളിൽ
കനൽപ്പൊട്ടു തിളയ്ക്കുമ്പോൾ
ഇരുൾപ്പച്ചത്തിളക്കത്തിൽ
ജ്വലിക്കുന്ന മിടിപ്പുകൾ
ഇടയ്ക്കൊക്കെ പരക്കുന്നു
സമത്വത്തിൽ മൃദുസ്വരം

ഒരു നേർത്ത നിലാവിന്റെ
കുളിർ നെഞ്ചോടമരുമ്പോൾ
അരുണാഭ വരയ്ക്കുന്ന
നിറക്കൂട്ടുകളൊരുക്കുമ്പോൾ
മണൽച്ചൂടിൽ മുഖം പൂഴ്ത്തും
മരുപ്പക്ഷിച്ചലനങ്ങൾ
വസന്തത്തിൻ മുഴക്കത്തിൽ
ഇടിമിന്നൽ തകർക്കുന്നു

പകൽത്തോറ്റം കഴിയുമ്പോൾ
തളിർമേനി തളരുമ്പോൾ
ഇടനെഞ്ചിൽ ഒളിപ്പിക്കും
പ്രണയത്തിൻ പ്രളയാഗ്നി
വേവുനിലങ്ങളിൽ ആകെ
പടരുന്ന നിഴൽക്കൂത്ത്
ഒരു വേലിയേറ്റം വന്നിട്ടു
ടൽ മൂടിപ്പൊതിഞ്ഞെങ്കിൽ

രാക്കാറ്റിന്നിരമ്പം പോൽ
പ്രണവമായൊരു മന്ത്രം പോൽ
നാമൊന്ന്..നമ്മളൊന്ന്..
മൃദുവായിട്ടുരക്കുന്നു
സ്ത്രീലിംഗം പുരുഷലിംഗം
ഇടയിൽ മറ്റൊരു ലിംഗവും പോൽ...
ഇനിയില്ല ഇനി എല്ലാം സമമാണെന്ന്..!

ഒരു മിന്നൽക്കൊടി പോലെ
വെളിച്ചത്തിൻ ചിറകുകൾ
ഒരു താരസ്വരം പോലെ
സമത്വത്തിൻ തിരതള്ളൽ
ഒരു മിന്നാമിനുങ്ങിന്റെ
തിളക്കമുണ്ടകതാരിൽ
ഒരു നറുംനിലാവിന്റെ
കുളിർമ്മയുണ്ടുടലാകെ

മനതാരിൽ മയൂഖങ്ങൾ
നടനമാടട്ടെ...
ഹൃദയത്തിലുലാവട്ടെ
പുതിയ തീരങ്ങൾ....

# തിരക്കഥ



ഡോ. രമ്യരാജ്

ഞാൻ നൊണ പറഞ്ഞതായിരുന്നു
എനിക്ക് ചിറകുകളില്ലെന്ന്
ഞാൻ നൊണ പറഞ്ഞതായിരുന്നു
എനിക്ക് ചില്ലകളില്ലെന്ന്
ഞാൻ നൊണ പറഞ്ഞതായിരുന്നു
എന്റെ വേരുകളിൽ മുറിവേറ്റെന്ന്
നിങ്ങൾ വരച്ചിട്ട പുഴകളും
നിങ്ങൾ കടഞ്ഞെടുത്ത അമൃതും
നിങ്ങൾ മെനഞ്ഞെടുത്ത ശില്പങ്ങളും പോലും
കണ്ണു കെട്ടിയവയായിരുന്നു...
നൊണകളിൽ ഹരം പിടിച്ച്
ഞാൻ വീടിന്റെ ഉത്തരത്തിൽ ഒരു കുരുക്കിട്ടു
എന്റെ നൊണകളുടെ ഭാണ്ഡത്തെ
അതിൽ ഞാത്തിയിട്ടു,
ചോട്ടിൽ പായ വിരിച്ചു ഉറങ്ങാൻ കിടന്ന തലച്ചോറ്
ഒരിക്കൽ പോലും മേലേക്ക് നോക്കിയില്ല
ചിറകുകളിൽ... ചില്ലകളിൽ... വേരുകളിൽ...
ഞാൻ നിങ്ങളുടെ ഉയരങ്ങളെ
ജലം കൊണ്ടു നനച്ചു കൊണ്ടേയിരുന്നു
പിഴയൊടുങ്ങുന്ന വരെ...!



# പ്രണയ പക്ഷികൾ



കുഞ്ഞച്ചൻ മത്തായി

കുറേ നേരമായി തുടരുന്നു
വടക്കേ മട്ടുപ്പാവിൽ
രണ്ടിണ പക്ഷികൾ
സ്വർഗ്ഗം ഉരുട്ടി നടക്കുന്നു

രജനി വന്നു വീണു മറിഞ്ഞിട്ടും മൊബൈൽ
വെളിച്ചത്തിൽ ആസ്വാദന യന്ത്രങ്ങൾ
ചലിപ്പിച്ചു ഉള്ളറയിലെ മാലിന്യങ്ങളെ
പുറത്തേക്ക് ഒഴുക്കുന്നു

ഇലകൾ തളർന്നു ശാന്തമായി പ്രാണ
നെഞ്ചകത്തിൽ മലർന്നു കിടന്നു
കരിനീല മിഴികൾ താനെ അടയും നേരം
കിന്നാരം ചൊല്ലി എത്തുന്നു മനോഹരമാം
കാറ്റിൻറെ തലോടൽ

അറിയാതെ മയങ്ങി ആത്മസംതൃപ്തിതൻ
നിദ്രാടനം
ചിന്തനത്തിൽ വിരിഞ്ഞ പൂക്കളുമൊത്തു
കടൽക്കരയിലെ മണൽ വാരികളിച്ചും
ദിനഘോഷങ്ങൾ കണ്ടു

പച്ചകുത്തിയ ജീസസിന്റെ ചിത്രമുള്ള
വിരിമാറിൽ മുത്തമിട്ടുണർന്നു
ചൊല്ലിയ കഥകൾ കേട്ടുവോ
അപ്പോഴും ലാൻഡ് ഓവറിന്റെ കയറ്റം
കയറുന്ന ആരവം വലിച്ചു കയറ്റുന്നു

ശൂന്യമായ യാമത്തിന്റെ നൊമ്പരത്തിലും
കൈകൾ കോർത്തുപിടിച്ചു
സ്വാതന്ത്ര്യത്തിന്റെ കുപ്പായമണിഞ്ഞു
പുതു പിറവിയിൽ താണ്ഡവമാടുന്നു
വീണ്ടും വീണ്ടും
പരിരംഭണത്താൽ പൊതിയുന്നു



കഥ

# ഹൃദയമില്ലാത്ത മനുഷ്യപ്പാവകൾ



സജന സന്തോഷ്

'നിലീനാ ... നമുക്കിന്നൊരിടം വരെ പോകണം. നീ വേഗം വാ.....'

'എവിടേയ്ക്ക്.... എവിടേയ്ക്കാന്ന്..'

'അതൊക്കെ പറയാം. ദാ.... നീയെന്റെ കൈ പിടിക്ക് ... നമുക്ക് പറന്ന് പോകാം; പറന്ന് പറന്ന് ആകാശം മുട്ടുവോളം പറന്ന്. ബാക്കി .... ബാക്കി ഞാൻ അവിടെ ചെന്നിട്ട് പറയാം.'

'നീയെന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നുണ്ട്. ഞാൻ വരച്ച ചിത്രങ്ങളിൽ നിന്ന് നിനക്ക് മാത്രം ജീവൻ വെക്കുക. എന്റെ മുന്നിൽ യാഥാർത്ഥ്യങ്ങളുടെ ലോകം തുറന്നിടുക. എനിക്കൊന്നും ഉൾക്കൊള്ളാനാവുന്നില്ല ഭദ്രേ ...'

'നമുക്ക് സംസാരിച്ചു നിൽക്കാൻ സമയമില്ല വേഗം വാ ....'



നിലീന ഭദ്രയുടെ കൈകൾ മുറുകെ പിടിച്ചു. പതിയെ പതിയെ അവർ പറന്നുയരാൻ തുടങ്ങി. ആകാശം മുട്ടാറായോ? കോടമഞ്ഞിന്റെ കുളിരാണല്ലോ. ഒന്നും കാണുന്നില്ല. നിലീനയുടെ ഉള്ളിൽ ഒരുപാട് ചോദ്യങ്ങളുയർന്നു.

'നിലീനാ . പതിയെ കണ്ണു തുറന്നു നോക്കൂ. ഞാൻ പറഞ്ഞ ഇടം ഇതാണ്. നിനക്ക് കാണാൻ പ്രകൃതി ഒരുപാട് കാഴ്ച്ചകളൊരുക്കി വെച്ചിട്ടുണ്ട്. '

'ഹായ്! ചിത്രശലഭങ്ങൾ. എന്തു ചന്താ കാണാൻ. ഇത്രമാത്രം ചിത്രശലഭങ്ങൾ ഞാൻ മറ്റെവിടെയും കണ്ടിട്ടില്ല.

ഇനിയുമുണ്ട് ഒരുപാട് കാഴ്ച്ചകൾ, ദാ.... ആ വൃക്ഷങ്ങളിലേക്ക് നോക്കൂ, പല തരം പക്ഷികളെ കാണുന്നില്ലേ? അവരുടെ ശബ്ദം ശ്രദ്ധിച്ചോ? എന്തൊക്കെയോ പരിഭവങ്ങൾ....

'ഭദ്രേ.... നിനക്ക് പക്ഷികളുടെ ഭാഷ അറിയുമോ?'

'എനിക്ക് പക്ഷികളുടെ മാത്രമല്ല മൃഗങ്ങളുടെയും മനുഷ്യരുടെയും ഭാഷയറിയാം'

' മനുഷ്യരുടെ ഭാഷയറിയാൻ അത്ര ബുദ്ധിമുട്ടില്ലല്ലോ?'

' ശരിയാണ്. മനുഷ്യഭാഷയറിയാൻ ബുദ്ധിമുട്ടില്ല. മനുഷ്യനെ മനസ്സിലാക്കാനാണ് നിലീന ഏറ്റവും ബുദ്ധിമുട്ട്.

'എത്രമാത്രം വൃക്ഷങ്ങളാല്ലേ. വിലപിടിപ്പുള്ള വൃക്ഷങ്ങളുമുണ്ടല്ലോ, നിറയെ ചപ്പിലകൾ കൂടിക്കിടക്കുന്നു. കണിക്കൊന്ന നിറയെ പൂത്തു നിൽക്കുന്നുണ്ടല്ലോ. മേടമാസമായില്ലല്ലോ, എന്നിട്ടും ...'

'നിലീന .... നീ ആദ്യമായിട്ടു വരുന്നതുകൊണ്ടാ. ഇവിടെ ഏതു കാലത്തും കണിക്കൊന്ന പൂത്തുലഞ്ഞ് ചന്തം ചാർത്തി നിൽക്കും. ആരും കൊതിക്കുന്ന കാഴ്ച്ച. അതിനപ്പുറത്ത് ഒരാൾ കണ്ണടച്ചിരിക്കുന്നത് നീ കണ്ടോ ?'

' ബുദ്ധൻ... ബുദ്ധനല്ലേ അത്. ഗൗതമ ബുദ്ധൻ, ഹായ് എന്തു രസാ കാണാൻ.' നിലീന ബുദ്ധന്റെ അരികിലേക്ക് ഓടി. അവളുടെ മുഖം പെട്ടെന്ന് വല്ലാതാവുന്നത് ഭദ്ര ശ്രദ്ധിച്ചു.

'ഭദ്രേ.... ഇതെന്താ ബുദ്ധന്റെ വിരലുകൾ അറ്റുപോയിരിക്കുന്നത്? ആരാണ് ഈ മഹാപാപം ചെയ്തത്.'

'നിലീനാ .. എന്റെയൊപ്പം വരൂ. നിനക്കുള്ള ഉത്തരം വഴിയെ അറിയാം.' ഭദ്ര നിലീനയെയും കൂട്ടി നടന്നു.

'നിലീനാ ...സൂക്ഷിച്ചു നടക്ക്, നിറയെ ചപ്പിലകൾ കാണുന്നില്ലേ? അതിനിടയിൽ പാമ്പുകൾ ഉണ്ടെങ്കിൽ അറിയാൻ പറ്റില്ല.'

'ഇവിടെയൊന്നും ആരെയും കാണാനില്ലല്ലോ. ഇത്ര മനോഹരമായ കെട്ടിടം പൊടിപിടിച്ച് മാറാല കെട്ടിക്കിടക്കുന്നല്ലോ ഭദ്രേ ...'

ഭദ്ര ഒന്നും മിണ്ടാതെ നിലീനയുടെ കയ്യും പിടിച്ച് ആ വലിയ കെട്ടിടത്തിന്റെ ഹൃദയഭാഗത്തേക്ക് നടന്നു.

'നിലീനാ ദാ..... ആ മുറിയിലേക്ക് നോക്കൂ. അവിടെ കാണുന്ന മനുഷ്യരെ ശ്രദ്ധിച്ചോ?'

'മനുഷ്യരോ, അവയ്ക്കൊന്നും ഒരനക്കവുമില്ലല്ലോ പാവകളെപ്പോലെ തോന്നുന്നു.'

' അതെ നിലീന.. പാവകൾ തന്നെ. ഹൃദയമില്ലാത്ത മനുഷ്യപ്പാവകൾ.'

' ഹൃദയമില്ലാത്ത മനുഷ്യപ്പാവകളോ... നീയെന്തൊക്കെയാ പറയുന്നെ ?'

' അതെ, ഹൃദയമില്ലാത്ത മനുഷ്യപ്പാവകൾ, കുറെ കുഞ്ഞു മക്കളുടെ ജീവിതം



വെച്ചു കളിച്ചതിനു കിട്ടിയ ശിക്ഷ. '

'എന്തൊക്കെയാ പറയുന്നെ. എനിക്കൊന്നും മനസ്സിലാവുന്നില്ല ഭദ്ര.'

'ചിലതൊക്കെ പറയാതെ പറയുന്നതാ അതിന്റെ ശരി, നീ ആ മുറിയിലേക്ക് നോക്കിക്കേ.. അവിടെ ആ വലിയ മുറിയിലിരിക്കുന്ന വെളുത്ത പാവയെ കണ്ടോ, വെള്ള വസ്ത്രം പോലെത്തന്നെ ശുദ്ധനായ മനുഷ്യൻ. എന്നാൽ ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും എന്നല്ലേ ചൊല്ല്.'

' അപ്പോൾ ആ വെള്ളപ്പാവ ദുഷ്ടനാണെന്നാണോ ഭദ്രേ നീ പറഞ്ഞു വരുന്നത്. '

'ഒരിക്കലുമല്ല. ഒരുപാട് ആശയങ്ങളുള്ള പാവമനുഷ്യൻ, പക്ഷെ, പ്രാക്ടിക്കലായി ചിന്തിക്കാനറിയാത്തതു കൊണ്ട് എല്ലാവരാലും പറ്റിക്കപ്പെട്ട്, ദാ .... ഈ അവസ്ഥയിലായി..'

'കഷ്ടം, മാളിക മുകളേറിയ മന്നന്റെ....'

* നിലീന..... തൊട്ടപ്പുറത്തെ മുറിയിലിരിക്കുന്ന ആ പാവകളെയൊന്ന് നോക്കൂ... നിനക്കെന്തെങ്കിലും തോന്നുന്നുണ്ടോ?'

' ആ താടിക്കാരൻ പാവയെയാണോ നീ ഉദ്ദേശിച്ചത് ...'

'അല്ല. അതിനപ്പുറത്തുള്ള ആ സയാമീസ് പാവകൾ. താടിക്കാരൻ പാവയുടെ ഹൃദയം മാത്രമല്ല, എല്ലാം പോയ അവസ്ഥയാ, ഓസിയിൽ കിട്ടിയാൽ ആസിഡും കുടിക്കുന്ന പാവ, കള്ളം പറഞ്ഞ് പറഞ്ഞ് അതിന്റെ നാവിറങ്ങിപ്പോയി. '

'ഭദ്രേ.... നീ പറഞ്ഞ സയാമീസ് പാവകളുണ്ടല്ലോ. അവരുടെ ശരീരം ഒട്ടിച്ചേർന്നിരിക്കുന്നെങ്കിലും ഇരട്ടകളാണെന്ന് കണ്ടാൽ തോന്നില്ലാട്ടോ. രണ്ടിന്റെയും രൂപത്തിനും ഭാവത്തിനും ഒട്ടും സാമ്യമില്ലല്ലോ.'

' നീ പറഞ്ഞത് വളരെ ശരിയാണ്. രണ്ടിന്റെയും ചിന്തകൾക്ക് ഒരുപാട് സാമ്യമുണ്ട്. പുറമെ ചിരിച്ച് കാണിച്ച് കഴുത്തറക്കുന്നവർ, താടിക്കാരൻ പാവയെപ്പോലെത്തന്നെ, അതിന്റെ ആന്റിമാരായിട്ട് വരും, ദാ.... ആ ചെറിയ പാവയുണ്ടല്ലോ അതിന്റെ അഭിനയം നീ കണ്ടിട്ടില്ലല്ലോ. കർണ്ണനെ ചേർത്തു നിർത്തിയ ദുര്യോധനനാണ് താനെന്നാണ് ആളുടെ ഭാഷ്യം, വിശ്വസിക്കാൻ ചുവന്നു തുടുത്ത പാവയും. തന്നേക്കാൾ ഉയർന്നു പോകാതിരിക്കാൻ ആ ചെറിയ പാവ ചുവന്നു തുടുത്ത പാവയെ ചേർത്തു പിടിച്ചിരിക്കുകയാ ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നല്ലേ? ഇവിടെ അത് വേറെ ഒരർത്ഥത്തിൽ ശരിയാ. ഇവിടെ ചെറിയ പാവ കണ്ണാടിയാണ്, ചുവന്നു തുടുത്ത പാവയുടെ സ്വകാര്യതകൾ ലോകത്തിനു മുന്നിൽ തുറന്നു വെക്കുന്ന കണ്ണാടി.'

'ഭദ്രേ.... ഒരു സംശയം. ഈ ഹൃദയമില്ലാത്ത പാവകൾ അനങ്ങാപ്പാറകളാണോ? സ്ക്രൂ കൊടുത്താലേ മുന്നോട്ടു പോവൂ.'

' നീലീനാ ... നിന്റെ സംശയം കൊള്ളാം ആ പാവകളുണ്ടല്ലോ ആരു വിചാരിച്ചാലും മുന്നോട്ടു പോവില്ല. സ്വയം ഉയരാനും ശ്രമിക്കില്ല, മറ്റുള്ളവരെ ഉയരാനും അനുവദിക്കില്ല. ഇത്തിക്കണ്ണികളായി ജീവിതം മുഴുവൻ ജീവിച്ചു തീർക്കും, കൂപമണ്ഡൂകങ്ങൾ എന്നല്ലാതെ എന്തു പറയാൻ?'

'ഇതൊന്നും കാണാനും കേൾക്കാനും ഇവിടെയാരുമില്ലേ ഭദ്രേ....

' ആ വെളുത്ത പാവയുടെ മുറിയിലിരിക്കുന്ന ആ വലിയ ചിത്രത്തിലേക്കൊന്ന് നോക്കൂ. സൂക്ഷിച്ച് നോക്കണം, എന്നിട്ട് പറയൂ.'

' എന്തോ ആ ചിത്രത്തിന് ജീവനുള്ളതു പോലെ തോന്നുന്നു.'

'ശരിയാണ് നിലീന. ആ ചിത്രത്തിലെ മനുഷ്യനു മാത്രമേ ഹൃദയം എന്നൊന്നുള്ളൂ. ആ മനുഷ്യന്റെ സ്വപ്നമാണീ ഭൂമി, ഹൃദയമില്ലാത്ത മനുഷ്യപ്പാവകൾ ചെയ്യുന്ന കൊടും ചതി തിരിച്ചറിഞ്ഞ ഒരേ ഒരാൾ. പലപ്പോഴും ചിത്രത്തിൽ നിന്നിറങ്ങി നടക്കാറുണ്ട് ആ മനുഷ്യൻ. എന്തു ചെയ്യാം. ശരീരം നഷ്ടപ്പെട്ട ഒരാൾക്ക് ആജ്ഞാപിക്കാനാവില്ലല്ലോ. എല്ലാം കണ്ട് സഹിക്കാനാവാതെ ഒരു പാവം മനുഷ്യൻ. '

' ഭദ്രേ.... നമ്മൾ നേരത്തെ കണ്ട ബുദ്ധന്റെ വിരലുകളെങ്ങനെ നഷ്ടപ്പെട്ടു എന്ന് പറഞ്ഞില്ലല്ലോ ....'

' വരു നിലീന ... നീ ബുദ്ധന്റെ അടുത്ത് ചെന്ന് സൂക്ഷിച്ചു നോക്ക്. ബുദ്ധൻ വിരൽ ചൂണ്ടുന്നതെന്താണ്? എവിടേയ്ക്കാണ്?'

'ശരിയാണല്ലോ. ഇവിടെയും കുറെ പാവകളുണ്ടല്ലോ, പട്ടിണികോലങ്ങൾ, പക്ഷെ, അവയുടെ ഹൃദയമിടിപ്പിന്റെ ശബ്ദം ഇവിടേക്ക് കേൾക്കുന്നുണ്ടല്ലോ? ഹൃദയമുള്ള മനുഷ്യപ്പാവകളാണല്ലോ ഇവർ.'

'ഇവർക്കു വേണ്ടി പ്രതികരിച്ചതിന് ബുദ്ധന് നഷ്ടപ്പെട്ടത് വിരലുകളാണെങ്കിൽ പ്രതികരിക്കുന്നവർക്ക് ഈ ലോകം കൊടുക്കുന്ന ശിക്ഷ എത്രത്തോളം ഭീകരമായിരിക്കും?'


പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ലോകത്തിന് ചരടുവലിക്കുന്ന ഹൃദയമില്ലാത്ത മനുഷ്യപ്പാവകളെ നമുക്ക് മറക്കാം. അധികം നേരം നിന്നാൽ നമ്മളും ഹൃദയമില്ലാത്ത പാവകളായി മാറും.'

നിലീനയെയും ചേർത്ത് പിടിച്ച് പുതിയ കാഴ്ച്ചകളിലേക്ക് ഭദ്ര പറന്നുയർന്നു. ●

കഥ

# ഗന്ധം





ഫൗസിയ നൗഷാദ്



**ക്ലോ**ക്കിലെ സൂചിയുടെ ഓരോ ചലനവും ഹൃദയമിടിപ്പിനോട് ഏറെ ചേർന്നത് പോലെ. ദ്രുതഗതിയിലുള്ള സൂചിയുടെ പാച്ചിലിന്റെ ശബ്ദം മുമ്പൊരിക്കലും കേട്ടിട്ടില്ല, കേൾക്കാൻ സമയം ഉണ്ടായിരുന്നില്ല.

ഇനി ഒരിക്കലും ചലിക്കാതിരിക്കാൻ പാകത്തിൽ ക്ലോക്കിലെ സൂചികൾ വളച്ച്,തല്ലിപ്പൊട്ടിച്ചു കളയാൻ അവൾക്ക് തോന്നി. സഞ്ചരിക്കാൻ ഉള്ള ദൂരം ഭയപ്പെടുത്തുകയാണ്. എങ്ങും ഒരു മൂകത. സിങ്കിൽ കിടന്ന് കലപില കൂട്ടുന്ന പാത്രങ്ങൾ ഇന്ന് നിശബ്ദമായി അവിടെത്തന്നെ കിടപ്പുണ്ട്. രാവിലെ കഴുകി വിരിച്ച തുണികൾ അയലിൽ പ്രേതത്തെ പോലെ കാണപ്പെട്ടു. അവരും വീടിനുള്ളിലേക്ക് വരാൻ വിസമ്മതിക്കുകയാണ്. വിശന്നു വലഞ്ഞ മത്സ്യകുഞ്ഞുങ്ങൾ തങ്ങളുടെ ഭക്ഷണത്തിനായി ആരെയോ നോക്കി ഇരിപ്പുണ്ട്. എന്നെന്നേക്കുമായി അത് നിലച്ച കാര്യം അവർ അറിഞ്ഞിട്ടുണ്ടാകുമോ എന്തോ..!

മുറിയിൽ ഇരുട്ട് വീണ് കഴിഞ്ഞു.പ്രകാശത്തിന്റെ ഉറവിടം നിന്നത് കൊണ്ടാണെന്ന് തോന്നുന്നു,വിളക്ക് തെളിയിക്കാൻ ആർക്കും തോന്നിയില്ല.

‘അമ്മു, എത്ര നേരമെന്ന് വച്ചാ ഇങ്ങനെ കിടക്കാ.. വാ മക്കളെ, ചേച്ചിയുടെ വീട്ടിൽ പോവാം..‘

ഒടുവിൽ അവശേഷിച്ച അയൽക്കാരുടെ സഹാനുഭൂതി.

‘വേണ്ടേച്ചി.. ഞങ്ങൾ ഇവിടെ കിടന്നോളാം ചേച്ചി പൊക്കോളൂ ‘ അവർ മടങ്ങി പോയതും ഞങ്ങൾ മൂവരും മാത്രമായി.

അച്ചു കരഞ്ഞു തളർന്നുറങ്ങുന്നു. ആശ ഒന്നുമറിഞ്ഞില്ല എന്ന ഭാവത്തിൽ പുസ്തകത്തിൽ കണ്ണും നട്ടിരിപ്പുണ്ട്. അവരെ കാണുക പുതിയൊരു വേഷം കൂടി അവൾ സ്വീകരിക്കുകയായിരുന്നു.

ആരോടെല്ലാമോ അമർഷം തോന്നി. 18 വയസ്സിൽ അടിച്ചേൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം വലിച്ചെറിഞ്ഞ് എങ്ങോട്ടെങ്കിലും ഓടിപ്പോയാലോ എന്ന് ആഗ്രഹിച്ചു. പിന്നീട് എന്ത് സംഭവിക്കും? ഏതെങ്കിലും ഒരു തെരുവിൽ ഭിക്ഷാപാത്രവുമായി തന്റെ സഹോദരങ്ങൾ പ്രത്യക്ഷപ്പെടും. വേണ്ട അതോർക്കുവാൻ കൂടി വയ്യ.

രാവിലത്തെ ദോശയുടെ രുചി വായിലേക്ക് തികട്ടി വന്നു. എന്ത് വൃത്തികെട്ട രുചിയായിരുന്നു. മുമ്പൊരിക്കലും അമ്മയുണ്ടാക്കുന്ന ഭക്ഷണത്തിന് ഇത്ര മോശമായ സ്വാദ് ഉണ്ടായിട്ടില്ല. കഴിച്ചതൊക്കെ ഛർദ്ദിക്കുമ്പോൾ സഹോദരങ്ങൾ അവരുടെ ഭക്ഷണം ആസ്വദിച്ചു കഴിക്കുന്നുണ്ടായിരുന്നു. ആ രുചി ഇപ്പോഴും വായിൽ അവശേഷിക്കുന്നത് പോലെ! അത് ശരിക്കും മരണത്തിന്റെ രുചിയായിരുന്നില്ലേ..?

‘ആഷേ, നീ എന്താ വായിക്കണേ.. നിനക്ക് വിശക്കുന്നില്ലേ...‘ അവൾ ഉറക്കെ വിളിച്ചു ചോദിച്ചെങ്കിലും മറുപടിയില്ല. ഇപ്പോഴും അവളുടെ കണ്ണ് ആ പുസ്തകത്തിലെ അതേ പേജിൽ തന്നെ. മങ്ങിയപ്രകാശത്തിൽ അവൾ ശില കണക്കെ കാണപ്പെട്ടു. ഇറയത്ത് നിന്ന് എഴുന്നേറ്റ് വേച്ചു വേച്ചു അടുക്കളയിലേക്ക് വന്നു. ആദ്യമായിട്ടാവണം

ഇവിടെ ഇത്ര നിശബ്ദത. രാവിലെ ഉണ്ടാക്കിയ ദോശയുടെ ബാക്കി പല്ലി ഭക്ഷിക്കുന്നുണ്ട്. കറികളൊക്കെ തുറന്നിരിക്കുന്നു.. അമ്മയുടെ തോർത്ത് സ്ലാബിന് മേലെ ഉണ്ട്. അത് അമ്മയുടേത് മാത്രമായിരുന്നു. ഏതുനേരവും ദേഹത്ത് ഉണ്ടാവും.വല്ലാതെ പണിയെടുത്ത് ക്ഷീണിക്കുമ്പോൾ മുഖത്തും കഴുത്തിലും പറ്റിപ്പിടിച്ചിരിക്കുന്ന വിയർപ്പ് തുള്ളികൾ ഒപ്പും.



അവൾ ആ തോർത്തിന്റെ ഗന്ധം നാസാദ്വാരങ്ങളിലേക്ക് ആവാഹിച്ചു.അതൊരു പ്രത്യേക ഗന്ധമായിരുന്നു. കാച്ചിയ എണ്ണയുടെയും,ഇഞ്ചയുടെയും മിശ്രിത മണം.. അതായിരുന്നു അമ്മയുടെ ഗന്ധം.മൂന്നു മക്കളെയും നെഞ്ചോട് ചേർത്ത് കിടത്തി,കഥകൾ പറഞ്ഞുറക്കുമ്പോൾ ഞങ്ങൾക്ക് ചുറ്റും ആ ഗന്ധം നിറഞ്ഞു നിൽക്കും.അതാണ് ഇപ്പോഴും ചുറ്റിനും അവശേഷിക്കുന്നത്.

'അമ്മു, ഞാൻ കഴിഞ്ഞാൽ ഒരു അമ്മയുടെ സ്ഥാനം നിനക്കാ, എല്ലാം തിരിച്ചറിയാനും കാര്യപ്രാപ്തിയോടെ ചെയ്യാനും നീ പഠിച്ചു മോളെ. നിനക്ക് 10 വയസ്സുള്ളപ്പോഴാണ് നിന്റെ അച്ഛൻ മരിക്കുന്നത്.അന്ന് ചിതയ്ക്ക് മുന്നിൽ നിങ്ങൾ പറക്കമുറ്റാത്ത മൂന്ന് കുട്ടികളെയും കൊണ്ട് അമ്മ നിസ്സഹായയായി നിന്നിട്ടുണ്ട്. അച്ഛൻ ഇല്ലാത്ത മക്കൾ ബാധ്യതയാണെന്ന് മനസ്സിലാക്കി ബന്ധുക്കൾ കടന്നു കളയുമ്പോൾ അമ്മ ഒരു തീരുമാനം എടുത്തിരുന്നു. എത്ര കഷ്ടപ്പെട്ടാലും ഇവറ്റകളുടെ മുന്നിലേക്ക് പോകില്ലെന്ന്. ഇന്നും പോയിട്ടില്ല. ചില ദിവസങ്ങളിൽ പട്ടിണിയായി വിശന്നു കരഞ്ഞാലും അത് ആരെയും അറിയിക്കാൻ ഒരുങ്ങിയിട്ടില്ല. നമ്മുക്ക് നമ്മൾ മാത്രമേ ഉള്ളു മോളെ ' അമ്മയുടെ വാക്യങ്ങൾ ഉള്ളിൽ മുഴങ്ങി.

അതൊരു ഓർമ്മപ്പെടുത്തലായിരുന്നു. എല്ലാ ആപത്തുകളിലും ചുറ്റിനും ഒരു സുരക്ഷിത വലയം ഉണ്ടായിരുന്നു. അതാണ് ഇല്ലാതെ ആയത്. വീട് മുഴുവൻ ചന്ദനത്തിരിയുടെയും സാമ്പ്രാണിയുടെയും മണം നിറഞ്ഞുനിന്നു. അത് മരണത്തിന്റെ മണമാണെന്ന് ഇപ്പോഴാണ് തിരിച്ചറിയുന്നത്.

മരണം ഒരുതരത്തിൽ രക്ഷപ്പെടൽ ആയിരുന്നല്ലോ. വേദനയുടെയും കഷ്ടപ്പാടിന്റെയും ലോകത്ത് നിന്നുള്ള രക്ഷപ്പെടൽ. പല രാത്രികളിലും ഞെട്ടി ഉണരുമ്പോൾ അമ്മയുണ്ടായിരുന്നില്ലല്ലോ അടുത്ത്. വാതിൽ തുറന്നിട്ട് വരാന്തയിൽ രാത്രിയുടെ തണുപ്പും, ഭംഗിയും നേരിട്ട് അറിഞ്ഞ് ഇരിക്കുന്നത് കണ്ടിട്ടുണ്ട്. ഒന്നും മിണ്ടാതെ ഒരു തവണ പിന്നിലൂടെ ചെന്ന് മെല്ലെ തൊട്ടു. ഞെട്ടലോടെ അമ്മ തിരിഞ്ഞു നോക്കി. മൂക്കിൽ നിന്ന് ഒഴുകുന്ന ചോര തുടച്ചു മാറ്റി, ചോര നിറഞ്ഞ്

വെള്ളത്തുണി പിന്നിൽ ഒളിപ്പിച്ച് അമ്മ ഒന്നും മിണ്ടാതെ അവൾക്കൊപ്പം വന്നു കിടന്നു. ചോദിക്കുമ്പോഴൊക്കെ പുഞ്ചിരിയിൽ മറുപടി ഒതുക്കി. രോഗം എന്താണെന്ന് തിരിച്ചറിഞ്ഞപ്പോൾ ആ മുഖത്ത് നിറഞ്ഞുനിന്നത് വേദനയായിരുന്നില്ല, ഭാവിയെ കുറിച്ചുള്ള ആധിയായിരുന്നു.

നിയന്ത്രണമില്ലാതെ ഒഴുകുന്ന കണ്ണുനീർ തുള്ളികളെ തുടച്ചുമാറ്റി വിറച്ചുകൊണ്ട് അവൾ വാതിൽ തുറന്നു. എന്നും അമ്മ ഇരിക്കുന്ന അതേയിടത്ത് വന്നിരുന്നു. തണുത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. അത് അമ്മയുടെ ഗന്ധമായിരുന്നു. കാച്ചിയ എണ്ണയുടെയും ഇഞ്ചയുടെയും ഗന്ധം.

●

# ആസ്വാദനം


## മൂന്നു പ്രണയ കവിതകൾ




ശ്രീനന്ദിനി സജീവ്

***എൻ.എൻ കക്കാടിന്റെ 'സഫലമീ യാത്ര', രാവുണ്ണിയുടെ 'രാ', സുബീഷ് തെക്കൂട്ടിന്റെ 'പട്ടാമ്പിയിലേക്കുള്ള ബസ്സിൽ നമ്മൾ'***

**രാ**യെന്നാൽ രാത്രിയുടെ പാതി. രാവുണ്ണിയുടെ ആദ്യഭാഗം. സായന്തനത്തിനു ശേഷമുള്ള ജീവിതം പപ്പാതിയിയാക്കിയതിലൊന്ന്. സാധാരണ ഭാഷയിൽ വിരിഞ്ഞ ജീവിതസൂക്തം. കൂട്ട് എന്ന രണ്ടക്ഷരത്തിന്റ നിർവ്വചനമായി ദാമ്പത്യം മാറുന്ന കാഴ്ച്ച. സഫലമീ യാത്രയെന്ന കക്കാടിന്റെ കവിതയോടു ചേർന്ന് നിൽക്കുന്ന വരികൾ. ആകെ നിറഞ്ഞുതുളുമ്പുന്ന കരുതലും സ്നേഹവുമായ കവിതയുടെ കാമ്പ് ! പരസ്പരം ഊന്നുവടികളായി നിൽക്കാമെന്ന ആശയത്തിനുമപ്പുറം , ചേർന്നുരസി മറ്റുള്ളവർക്കു വെ



എൻ.എൻ കക്കാട്



രാവുണ്ണി

ട്ടമാകാമെന്ന നവീനതയിൽ തിളങ്ങിയ കവിത . രാവുണ്ണിയേട്ടന്റെ വാക്കുകളെടുത്താൽ ' എഴുതിക്കഴിഞ്ഞു പേരിടാൻ നേരം പേനയിലെ മഷി കഴിഞ്ഞതാണ് ' .

അങ്ങനെ രാവുണർന്നാൽ വെട്ടം വരുമെന്ന മോഹത്തിൽ എല്ലാരുമുറങ്ങിയാൽ കാവലാരെന്നുള്ള സന്ദേഹത്തിൽ; പ്രതീക്ഷയാകുന്ന രാവെട്ടമെന്ന പുതുവെളിച്ചത്തിനെ പുണരുന്ന കവിത.

' ശാന്തരായ് സൌമ്യരായെതിരേൽക്കാം!  
വരിക സഖി, അരികത്ത് ചേർന്ന് നിൽക്കൂ,  
പഴയൊരു മന്ത്രം സ്മരിക്കാം  
അന്യോന്യം  
ഊന്നുവടികളായ് നിൽക്കാം'  
(സഫലമീ യാത്ര -എൻ എൻ കക്കാട് )

'ആകയാൽ നാമെങ്കിലുമുറങ്ങാതിരിക്കണം  
എല്ലാരുമുറങ്ങിയാലിരുട്ടിൽ മുങ്ങും ലോകം  
നാം തമ്മിൽ ചേർത്തുരസി രാവെട്ടമുണ്ടാക്കണം  
നാം നിന്നുകത്തുംനേരം പ്രഭാതമുണർന്നോളും '  
(രാ – ഡോ.സി. രാവുണ്ണി)

നാലു വരികൾ വീതമുള്ള പതിമൂന്നു ഭാഗങ്ങളിൽ രണ്ടുപേർ തമ്മിലുള്ള സംഭാഷണത്തിൽ നിന്ന് തുടങ്ങി ജീവിതാവസ്ഥകളും പ്രാരാബ്ധങ്ങളും പങ്കുവെച്ച് പഴയ പ്രണയകാലത്തിന്റെ ഭംഗികളെ ഒട്ടൊരാ

ശ്ച്ചര്യത്തോടെ നോക്കിക്കണ്ട് വിശാലതയുടെ പ്രണയത്തിരുമുറ്റമായ പ്രകൃതിയിലേക്കു പ്രവേശിക്കുന്ന കവിത . തുടക്കത്തിൽ രണ്ടു വ്യക്തികൾ മാത്രമായിരുന്നവർ പകുക്കലിന്റെ നാനാർത്ഥങ്ങളെ ചേർത്തുവച്ച് ജീവിതത്തെ ഒരേ മനസ്സോടെ പുണരുന്ന ദാമ്പത്യ പ്രണയം അതിമനോഹരമാണെന്നതിലുപരി കാലം ചെല്ലുംതോറും പഴകുന്ന വീഞ്ഞ്പോൽ വീര്യം കൂടിയതുമാണ് . തമ്മിലൊട്ടി ഒരാൾക്കൊരാളില്ലാതെ പറ്റില്ലെന്നാകുന്ന കാലമാണ് വാർദ്ധക്യം . ഇഷ്ടങ്ങൾ, രീതികൾ , ആശയങ്ങൾ , പെരുമാറ്റങ്ങൾ എന്തിനു ഭാഷവരെ ഇടകലരുന്ന പ്രതിഭാസമാണത് .

'ഒട്ടുമേയുറങ്ങുവാൻ കഴിയുന്നില്ലെന്നാകിൽ
വാ ,നമുക്കൊന്നിച്ചൊന്നു മുറ്റത്തിരിക്കാൻ പോകാം
നമ്മുടെ മുറ്റത്തിപ്പോൾ നിലാവ് പെയ്യുന്നുണ്ടാം
ആ വെണ്ണിലാക്കടലിൽ നീന്തിത്തുടിക്കാമല്ലോ .'

പ്രണയത്തിന്റെ ആദ്യനാളുകളിൽ സ്ത്രീയാണ് കാൽപ്പനികതയുടെ സഹയാത്രികയെന്നാൽ , പ്രായമേറുംതോറും പുരുഷൻ വക്കുകൾ തേഞ്ഞുരഞ്ഞ കല്ലുപോലുള്ള മനസ്സുമായി കാല്പനികതയെ പ്രണയിക്കാൻ തുടങ്ങും . അതേ സമയം സ്ത്രീയവന് അമ്മയെപ്പോലെ , തന്റെയൊരു ഭാഗമായി മാറാൻ തുടങ്ങും . മലയാളത്തിലെ മികച്ച എം.ടി.ചിത്രമായ 'ഒരു ചെറുപുഞ്ചിരി 'എന്ത് മനോഹരമായി ഇതിനെ ആവിഷ്ക്കരിച്ചിരിക്കുന്നു .ഒന്ന് നോക്കിയാൽ ,കൈനീട്ടിയാൽ എന്തിനാണെന്ന് മനസ്സിലാകുന്ന ഒരാളെ ആഗ്രഹിക്കാത്തവരുണ്ടോ .ഇവിടെ നോക്കൂ ,

'ഇന്നലെ ,ഇന്ന് ,നാളെ ...ഒന്നുമേ ചിന്തിക്കൊലാ
ചിന്തിച്ചാലില്ലൊരന്ത ,മർത്ഥവും വെളിച്ചവും
ഇന്നിപ്പോൾ ഞാനുണ്ടല്ലോ നിനക്ക് ,നീയെനിക്കും
കൂട്ടിന്നൊരാളുള്ളപ്പോളതിൻമേലെന്തു ഭാഗ്യം .'

ഇന്ന് കേരളത്തിനെ സംബന്ധിച്ച് വളരെ പ്രസക്തമായെടുക്കേണ്ടുന്ന ഒരു വിഷയം തന്നെയാണിത് കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കു മാറി ഒരു തുരുത്ത് സൃഷ്ടിച്ച കഴിഞ്ഞ തലമുറയിലെ പലരുടെയും മക്കൾ ഇന്ന് പലരാജ്യങ്ങളിലായി ജോലിയിലോ ഉപരിപഠനത്തിലോ മുഴുകിയിരിക്കുന്നു .കേരളത്തിന്റെ വലിയൊരു പ്രതിസന്ധിയാണിന്നു വയോജനപരിപാലനം .പരസ്പരം മിണ്ടിയും പറഞ്ഞുമിരിക്കാൻ ഒരാളുള്ളതേ ഭാഗ്യമാണെന്ന കവിതയിലെ വരികൾ ഇവിടെ പ്രാധാന്യമർഹിക്കുന്നു .

ഇനി ഇതോടൊപ്പം ചേർത്ത് വയ്ക്കാവുന്ന മറ്റൊരു കവിതയാണ് സുബീഷ് തെക്കൂട്ടിന്റെ 'പട്ടാമ്പിയിലേക്കുള്ള ബസ്സിൽ നമ്മൾ 'എന്ന കവിത .കൊപ്പം പുലാമന്തോൾ വഴി പട്ടാമ്പി പോകും ബസ്സിനൊപ്പം ധനുമാസക്കുളിരും ഒപ്പം കൂടുന്നുണ്ട് .കവിതയിലാകമാനം ആ കുളിർ നിലനിൽക്കുന്നുമുണ്ട് .രണ്ടാം ഖണ്ഡത്തിൽ വളരെ മനോഹരമായി അവതരിപ്പിക്കുന്ന പുറംകാഴ്ച്ചകൾ ബസ്സിലെ പാട്ടിനൊപ്പം വായനക്കാരുടെ മനസ്സിൽ നൃത്തം വെക്കുന്നു .ദാമ്പത്യ പ്രണയത്തിന്റെ മനോഹാരിതയുടെ പ്രഭ മുകളിൽ പറഞ്ഞ മറ്റു രണ്ടു കവിതകളിലേതു പോലെ നമ്മെ വലയം ചെയ്യുകയാണ് .ഇവിടെയും ഇരുവരുമൊന്നിച്ചുള്ള പഴയ പ്രണയകാലത്തിലേക്ക് മനസ്സുപായിക്കുന്നുണ്ട് കവി .ഏറെ കാല്പനികമായി കരുതലും സ്നേഹവുംപകരുന്ന വാക്കുകളോടെ പ്രിയതമയെ ആശ്വസിപ്പിക്കുന്നുണ്ട് ഇവിടെയും കവി .മുഖത്തെന്തിത്ര പരിഭ്രമമെന്ന് ചോദിക്കുന്നതിനെ തുടർന്നുള്ള വരികൾ നോക്കൂ ,കരുതലിനൊപ്പം നമുക്ക് നമ്മളേയുള്ളൂവെന്ന് തിരിച്ചറിവാണ് .

'പട്ടാമ്പിയെത്തും വരെ
കൂട്ടിപ്പിടിച്ചിരിക്ക നാം
വീട്ടിലെത്തീട്ടെന്ത് ,
തിടുക്കമെന്തിന് ?
അവിടെയും നമ്മളല്ലേയുള്ളൂ .

പുറത്തിരുട്ട് ,നോക്കേണ്ട
തോളിൽ ചാഞ്ഞുറങ്ങൂ
കണ്ണടച്ചോളൂ
നേരമെത്തിയാൽ വിളിക്കാം .'

കുടുംബമെന്ന മനോഹര സങ്കൽപ്പത്തിനുള്ളിലെ ഭാര്യാഭർതൃ ബന്ധത്തിന്റെ അളക്കാനാവാത്ത ആഴം തങ്ങളുടെതായ രീതിയിൽ പറഞ്ഞുറപ്പിക്കുന്ന കവിതകളാണിവ .



ഡോ. അജയ് നാരായണൻ

# ദർശനക്കവിതകളിലെ ബഹുർമുഖങ്ങൾ

"എങ്ങാണീ തോണിയുറയ്ക്കുകയെന്നറിയാതോരോ തീരം തേടുകയാണാശ്രയ
മറ്റോർക്കാരാണിനി അഭയമൊരുക്കാൻ.
പല താളുകൾ മാഞ്ഞ ചരിത്രം പുതുമഷിയാൽ മാറ്റുന്നോരിന്നലെയും ജനതതിയെ
കാണ്മീലവരുടെയാനമതാരോർക്കാൻ?"

സമകാലീന കാവ്യരചനകളിലൂടെ കടന്നുപോകുമ്പോൾ കണ്ണിൽ പതിയേണ്ട പേരാണ്, ദർശന.

ദർശനയുടെ കവിതകളിൽ അന്തർലീനമായിക്കിടക്കുന്ന ബഹുമുഖങ്ങളെ അനാച്ഛാദനം ചെയ്യുക ശ്രമകരമാണ്. എങ്കിലും വിവിധങ്ങളായ അർത്ഥതലങ്ങളിലൂടെ കടന്ന് അനുവാചകനെ ആകർഷിക്കുന്ന ദർശനയുടെ രചനാശൈലിയിലെ എടുത്തുപറയേണ്ട ചില മേഖലകളിൽ പ്രധാനമാണ് സ്ത്രീ, പ്രകൃതി, നീതി എന്നിവ.



ദർശന

വൈവിധ്യം നിറഞ്ഞ ദർശനക്കവിതകളിൽ ഈ ബിംബങ്ങളിലൂടെ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ പ്രാഥമികമായ പൗരാവകാശങ്ങളുടെ സൂക്ഷ്മസഞ്ചാരവും അവയുടെ തെളിമയും പ്രകടമാണ്.

സ്ത്രീഹൃദയത്തിന്റെ വിവിധങ്ങളായ ഉൾമിടിപ്പുകൾ ദർശനയുടെ ഏതൊരു കവിതയിലും കാണാം. ചിലപ്പോൾ സുഗന്ധവാഹിയായ ഉന്മാദിനി, മറ്റുചിലപ്പോൾ ഭ്രാന്തമായ ലയുന്ന പായ് വഞ്ചി. ദർശനയുടെ കവിതകളിൽ ഈ ഒരു ഭ്രമവിഭ്രമാവസ്ഥകൾ പല ബിംബങ്ങളിലൂടെ വരയുന്നുണ്ട്.

"രാത്രിയിൽ തെരുവൊരു നാടകശ്ശാല,
അജ്ഞാതകരാംഗുലി ചരടുവലിക്കുമ്പോൾ
കൂത്താടും പാവകൾ, ആക്രോശങ്ങളിൽ
അമരുന്ന വിലാപശ്രുതികൾ...'

എന്നെല്ലാമുള്ള വരികൾ ഇവയ്ക്കുദാഹരണമാണ്.

ഇവയ്ക്കെല്ലാം കടകവിരുദ്ധമായി, പ്രാചീനമായ ലിപികളിൽ കുറിച്ചിട്ട പ്രണയസന്ദേശങ്ങളും വരയ്ക്കുമ്പോൾ കവി പൂർവീകമായ കാവ്യശൈലികളെയും ഗതകാലകാല്പനീക ഭാവങ്ങളെയും ഹൃദയത്തോട് ചേർത്തുവയ്ക്കുന്നുമുണ്ട്.

"നിലിച്ച നാക്കു നീട്ടി
നിൽക്കവേ
അറിയാതെയൊരു ചിരി
പടർന്നതാ കുഞ്ഞിക്കണ്ണിൽ,
പൊഴിയുന്നു വെയിൽപൂക്കൾ, തുടുക്കുന്നു കുഞ്ഞിൻ മുഖം".

ഇതു വായിക്കുമ്പോളൊരു കുളിർക്കാറ്റ് വായനക്കാരനെ തഴുകുന്നുണ്ട്, visualization സംഭവിക്കുന്നുമുണ്ട്.

മനുഷ്യനെ മറികടന്നു, പ്രകൃതിയിലേക്ക് ദർശനക്കവിതകൾ കൂടുമാറുമ്പോൾ, വംശ നാശം സംഭവിക്കുന്ന ചരങ്ങളെക്കുറിച്ചുള്ള, നാട്ടുനായാട്ടുകാരുടെ വെണ്മഴുവേന്തിയ കൈകളെക്കുറിച്ചുള്ള ആശങ്ക കണ്ണീരായും രോഷമായും ചാലുകൾ തീർക്കുന്നു.

"ഇന്നു നിൻ മാറിടമൊരു കുരുക്ഷേത്രം
ഏതോ ഭൂതങ്ങൾ ആവേശിച്ചൊടുങ്ങാത്ത ചോരപ്പുഴകൾ
അണപൊട്ടിയൊഴുകുന്നു...'(അതിരുതാണ്ടി ഒഴുകുവാൻ കൊതിപ്പൂ ഞാൻ).

പ്രകൃതിയോടുള്ള കവിയുടെ പ്രതിബദ്ധത കാണുന്ന കുട്ടിയും കവിതയും എന്ന കവിതയിലെ,

"തോട്ടിൽ നിറയും മാലിന്യത്തിൽ വാടിയൊരാമ്പൽ ചിരിക്കുന്നു...' തുടങ്ങിയ വരികൾ സമകാലികപ്രകൃതിദുരന്തങ്ങളുടെ ഒരു വാങ്മയ ചിത്രം വരച്ചുകാട്ടുന്നു.

നീതിയുടെ ത്രാസ്സിൽ കവിയുടെ വാക്കുകൾ അളന്നുതൂക്കിയ നിലപാടുകളും വിമർശനങ്ങളും അനുവാചകനു നേരെ നീട്ടുന്ന ഒരു കാവ്യരീതിയും ദർശനക്കവിതകളുടെ മുഖമുദ്രയാണ്.

"കരിമിഴിയിൽ കടലിളകുന്നു
തിര താഴെ ചുഴിയിളകുന്നു
ചുഴി മാഞ്ഞോരലകൾ ചിതറേ
മണൽമേലൊരു കുഞ്ഞു കിടപ്പൂ,
അവനുണരാൻ കാത്തുകിടക്കു-
ന്നരികത്തൊരു പാവക്കുട്ടി
അവനെപ്പേർ ചൊല്ലിവിളിപ്പൂ
കടൽകാക്കകളങ്ങിങ്ങായി" (കടൽ ചിതറുമ്പോൾ).

അശാന്തിയുടെ നാടുകൾ ആഭ്യന്തരകലഹത്തിൽ ഏർപ്പെടുമ്പോൾ കുട്ടികൾ രക്തസാക്ഷികളാകുന്ന ഈ കാലത്തിന്റെ ഒടുങ്ങാക്കാഴ്ചകളിൽ നീതിയുടെ തുലാസ്സും അന്ധയായ നീതിദേവതയും അന്ധാളിക്കുന്ന കാഴ്ചയിൽ കവിയും വിറപൂണ്ടുനിൽക്കുന്ന കാഴ്ച ദർശനയുടെ പല കവിതകളിലും കാണാം. ഒരു വംശമൊന്നാകെ എരിഞ്ഞുതീരുമ്പോൾ, ഒരു പെണ്ണ് ഇരയാകുമ്പോൾ, കാലടിയിലെ മണ്ണ് ഇളകുമ്പോൾ കവിയുണരുന്നു, തൂലിക പടവാളാകുന്നു.

മനുഷ്യന്റെ അടിസ്ഥാനപരമായ അവകാശങ്ങളിൽ തെളിഞ്ഞുനിൽക്കുന്ന സമഭാവനയ്ക്കായി തൂലികയിൽ വീണ്ടും വീണ്ടും താനേ മഷി നിറയുന്നുണ്ട്.

നാലുവരിക്കവിതകളിൽ ദർശന തുറന്നുകാട്ടുന്ന രോഷമുണ്ട്, ആ രോഷഘർഷണത്തിൽ ചിതറുന്ന അഗ്നി അറിയുക,

"പറയിപെറ്റ കുലങ്ങൾ
വേറിട്ടുയിർത്തൊരായിരം
ഗോത്രമായിന്നടർക്കളങ്ങളിൽ, കൊമ്പു



കോർക്കവെ

പഴയവാക്കിന്റെ പെരുമയിൽ

ലോകം ഇരപിടിക്കുവാനാർത്തു നിൽക്കുന്നു" (ചൂണ്ടുവിരൽ).

മനുഷ്യന്റെ അടിസ്ഥാനപരമായ സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും കടയ്ക്കൽ തീ കൊളുത്തുന്ന വിധ്വംസകരുടെ നേരെ ചൂണ്ടുന്ന വിരലുകൾക്ക് കഠാരയുടെ മൂർച്ചയുണ്ട്. പ്രണയമെഴുതുമ്പോഴും കാതരഭാവങ്ങളെ പകർത്തുമ്പോഴും ഈ വിരലുകളിലെ മൂർച്ച അറിയുന്നു അനുവാചകൻ,

"അവന്റെ കൈകളിലിപ്പോൾ ചെഗുവേരയുടെ ആഫ്രിക്കൻ സ്വപ്നമാണ്.

ഞാനാകട്ടെ അവന്റെ ഗന്ധം എന്നെ പിന്തുടരുന്നതറിഞ്ഞിട്ടും

ഒഴിയാത്ത തിരക്കുകളിലേക്ക് ചുവടുകൾ വെയ്ക്കുമ്പോൾ

ഇനിയും പെയ്തൊഴിയാത്ത പ്രണയം പോലെ പുറത്ത് മഴയിരമ്പുന്നു...' (പ്രണയപ്പകർച്ചകൾ)

ദർശനയിലെ കവി എന്നും അശാന്തിയുടെ തീരങ്ങളിലൂടെ സഞ്ചാരിച്ചുകൊണ്ടേയിരിക്കുന്ന കാഴ്ച അനുവാചകനെയും ആശങ്കയിലാഴ്ത്തുന്നുണ്ട്. കവിയുടെ ഈ അശാന്തി ഒരു പരിധിവരെ വൈയക്തികവും പരിധി വിടുമ്പോൾ സാമൂഹികവും ആണ്. കവിതാവൃത്തത്തിന്റെ വലയത്തിൽ ചിലപ്പോൾ ആധ്യാത്മികവും പൗരാണികവുമായ ചില ദർശനങ്ങളും സ്വാഭാവികമായി കടന്നുവരുന്നുണ്ട്.

"പ്രണയപരവശനായ ദശമുഖനെ കണ്ട്

പതിവ്രതയായ സീതയായി സ്വയമറിയും,

അന്നേരമവളുടെ സ്പർശത്താൽ

രക്തവർണ്ണത്തിൽ പൂത്തുലയുന്ന

അശോകവൃക്ഷച്ചുവട്ടിൽ ധ്യാനനിരതയാകും" (സീതായനം).

എത്ര സുന്ദരമായാണ് ആർഷഭാരതചിന്തകളിലെ പതിവ്രതയായ സീതയെ സൂക്ഷ്മമായ പദാവലികളാൽ കവി ആധുനികവും കാലികവുമായ ഇടങ്ങളിലേക്ക് അനായാസം എത്തിക്കുന്നത് .

അശാന്തിയുടെ, വികാരവിക്ഷോഭങ്ങളുടെ രസതന്ത്രം കൃത്യമായി അറിഞ്ഞ കവി സീതായനത്തിനെ അവസാനിപ്പിക്കുമ്പോൾ രാമനും ഭൂമിയും കടന്നുവരുന്ന കാഴ്ച അനുഭൂതിയ്ക്കും അപ്പുറം കഥാപാത്രങ്ങളുടെ ഗതിയും ഗതികേടും വരയ്ക്കുന്നു. "ഉറക്കമറ്റുപോയ രാമനപ്പോൾ കാടകങ്ങളിൽ അവളെ തിരയുകയാവും, അവൾ പെയ്തിറങ്ങുന്നതും കാത്ത് ഭൂമിയുടെ ഹൃദയം പിടയ്ക്കുന്നുണ്ടാകും".

വരച്ചത് പെണ്ണിനെ. ഇടറിയതോ നീതിപീഠവും അനുവാചകഹൃദയവും.

അശാന്തിയുടെ കവചം അടർന്നാൽ കല്പന വിരിയിക്കുന്ന കവി മനുഷ്യന്റെ അടിസ്ഥാന വികാരങ്ങളായ കരുണയും സ്നേഹവും പകർന്നുതരുന്നതും കാണാം.

"ഏതേതപൂർവ്വരാഗങ്ങൾ ചേർത്തു നീ മീട്ടുന്നു നിത്യതയുടെ ഉർവ്വരസംഗീതം, കേട്ടു ഞാനുണരുന്നു പുലരിയിൽ

കിളികളെനിക്കായതാലപിക്കുന്നു,

കാറ്റെന്റെ കാതിലായ് മൂളുന്നു...' (പ്രപഞ്ചസംഗീതികേ, നീയാലപിക്കുക).

ജീയുടെ സ്വാധീനം അന്തർലീനമായ ഈ കല്പന അവസാനിക്കുന്നത് ഇങ്ങനെ,

"ഇതു നിന്റെയും എന്റെയും ഭൂമി, പ്രപഞ്ചസംഗീതികേ, നീയാലപിക്കുക വാഴ്‌വിന്റെ ഉർവ്വരസംഗീതം".

വിശ്വസ്നേഹത്തിന്റെ, സമത്വത്തിന്റെ, സാഹോദര്യത്തിന്റെ താക്കോൽ സംഗീതത്തിലെന്ന് പറയാതെ പറയുന്നു ഈ കവിത.

നിരീക്ഷണങ്ങളും നിലപാടുകളും തുറന്നുകാട്ടി, മാനവീക സംസ്കാരത്തിന്റെ അടിത്തറ സ്നേഹമെന്നുറക്കെ ചൊല്ലുന്ന ദർശനയുടെ കാവ്യദർശനം അവരുടെ ജീവിത ദർശനവും അനുഭവങ്ങളിലൂടെ സ്വാംസ്വീകരിച്ച ജീവിതമൂല്യങ്ങളും ആണെന്ന് ഉറപ്പിച്ചുപറയാം. വായനക്കാർ മടി കൂടാതെ കടന്നുചെല്ലേണ്ട ഒരു കാവ്യലോകം തുറന്നുവയ്ക്കുന്നുണ്ട് ദർശനക്കവിതകൾ എന്നത് നിരൂപകരും കാണാതെ പൊയ്ക്കൂടാ.

●

# ലഹരിക്ക് അടിമയായിക്കൊണ്ടിരിക്കുന്ന കൗമാരം





ഫാത്തിമ സനിയ. കെ

ഇന്ന് കൗമാരക്കാരിൽ അപകടകരമായി വളർന്നു നിൽക്കുകയാണ് ലഹരി ഉപയോഗം .

17 വയസ്സിന് താഴെയായി ഏകദേശം 70 % മുകളിലാണ് കുട്ടികൾ ഇന്ന് ലഹരിയെ അടിമപ്പെട്ടിരിക്കുന്നത് .

പത്രങ്ങളിലും മറ്റു മാധ്യമ പ്രവർത്തനങ്ങളിലും ലഹരിക്ക് അടിമപ്പെട്ടവരെ പിടികൂടുന്നതായ കേസുകൾ നാം ദിവസവും കാണപ്പെടുന്നു.

തുടക്കം പുകയില രുചിച്ചും ഒടുക്കം കഞ്ചാവിലും മദ്യത്തിലും മാരകമായ മയക്കുമരുന്നിലും ഇവർ അടിമപ്പെട്ടു പോയിരിക്കുന്നു

അവരുടെ ക്രൂരമായ കണ്ണുകളിൽ സ്വന്തത്തെ പോലും ശത്രുക്കളായി കാണപ്പെടുന്നു

## *ലഹരി തല്ലി തകർക്കുന്ന സ്നേഹ ബന്ധങ്ങൾ*

സ്ഥിരമായി സോഷ്യൽ മീഡിയകളിൽ കാണപ്പെടുന്നതാണ് ലഹരിക്ക് അടിമപ്പെട്ട് ഉറ്റവരെ പോലും കൊന്നൊടുക്കുന്നത്..

ഇത് തൻറെ സ്വന്തം സഹോദരി ആണെന്നോ സുഹൃത്താണെന്നോ അമ്മയാണെന്നോ അച്ഛനാണെന്നോ ഒന്നും തന്നെ നോക്കാതെയാണ് ഇവർ പല ദ്രോഹങ്ങളും ചെയ്തുകൂട്ടുന്നത്..

ചിരിച്ചും കളിച്ചും വളരേണ്ട പിഞ്ചുമക്കൾ പോലും ഇന്ന് ഇവരുടെ ക്രൂരമായ പ്രവർത്തനങ്ങളിൽ പെട്ട് മരണത്തിന് കീഴടങ്ങുകയാണ്..

സ്നേഹത്തിലും സന്തോഷത്തിലും തൻറെ വീട്ടുകാരോടൊപ്പം ജീവിച്ചുകൊണ്ടിരുന്ന മക്കൾ ലഹരിക്ക് അടിമപ്പെടുമ്പോൾ അവരുടെ സ്വഭാവം പോലും മാറിമറിയുകയാണ്.

പെട്ടെന്നുള്ള ദേഷ്യവും പൊട്ടിത്തെറിക്കുന്ന പോലെയുള്ള സംസാരവും ഏതൊരു സൗഹൃദ ബന്ധത്തെയും മാതാപിതാക്കളോടുള്ള സ്നേഹവും ഭാര്യാഭർത്ത ബന്ധത്തെയും തന്റെ മക്കളോടുള്ള വാത്സല്യവും സ്നേഹവും പോലും അവിടെ തകർന്നടിയുകയാണ്..

ലഹരിക്ക് അടിമപ്പെട്ട് ബോധമില്ലാതെ അവർ ചെയ്തു കൂട്ടുന്ന ഓരോ കോപ്രായങ്ങളും ഒരു സമൂഹത്തിന് തന്നെ വളരെ ബുദ്ധിമുട്ടാണ് ഉണ്ടാക്കുന്നത്  പിഞ്ചുമക്കളെ അമ്മയെ പെങ്ങളെ അച്ഛനെ മരണത്തിന് ഇരയാകുമ്പോൾ ഞാൻ ആണല്ലോ അവരുടെ ജീവിതം ഇല്ലാതാക്കുന്നത് എന്നതുപോലും ചിന്തിക്കാനുള്ള ബുദ്ധി അവർക്ക് വരുന്നില്ല..

അവസാനം ലഹരിയുടെ അഡിക്ഷൻ കുറഞ്ഞുവരുന്ന സമയത്ത് അതിനെപ്പറ്റി ചിന്തിച്ച് കുറ്റബോധം കൊണ്ട് കരഞ്ഞിരിക്കുന്ന വരും ഇല്ലാത്ത വരും ഉണ്ട്..

ബചെയ്യേണ്ടതെല്ലാം ചെയ്തു അവസാനം ദുഃഖിച്ചിരുന്നിട്ട് എന്ത് കാര്യംബ

## *പഠന കേന്ദ്രങ്ങളെ പോലും ഇന്ന് ലഹരി ഉപയോഗത്തിനായി അവർ കണ്ടെത്തുന്നു*

ഇന്ന് കാണപ്പെടുന്ന മറ്റൊന്നാണ് സ്കൂളിൽനിന്ന് കുട്ടികളെ ലഹരി യോടു കൂടി പിടികൂടി എന്നത്..

ഒരുപാട് പ്രതീക്ഷകളോടെ തന്റെ മക്കളെ പഠിക്കാനായി സ്കൂളിലേക്കും കോളേജിലേക്കും മറ്റു പഠന ഭവനങ്ങളിലേക്കും പറഞ്ഞുവിടുന്ന ഏതൊരു മാതാപിതാക്കളെയും ഇത് വളരെ ഭീതി വരുത്തുന്ന ഒന്നാണ്..


ലഹരി ഉപയോഗിച്ചു കഴിഞ്ഞാൽ ഞാൻ ക്ലാസ്സിൽ വലിയ ഹീറോ ആണ് എന്നും മറ്റുള്ളവരുടെ മുമ്പിൽ വലിയ അഭിമാനം തോന്നുന്ന രീതിയിലാണ് എന്നും,എൻറെ പ്രായത്തിലുള്ള മറ്റു കുട്ടികൾ ഇത് ഉപയോഗിക്കുന്നുണ്ട് എങ്കിൽ എന്തുകൊണ്ട് എനിക്ക് ഇത് ഉപയോഗിച്ചു കൂടാ എന്നാണ് എന്നുള്ള ഓരോ തലമുറയും ചിന്തിച്ചു കൂട്ടുന്നത്..

അതിനായി അവരുടെ പഠനത്തെ പോലും അവർ മാറ്റിനിർത്തുകയാണ്..

നല്ല രീതിയിൽ പഠിച്ച് പരീക്ഷകളിലും മറ്റു പഠന പ്രവർത്തനങ്ങളിലും മുന്നിൽ നിൽക്കുന്ന കുട്ടികൾ പോലും ലഹരിയുടെ ഉപയോഗം കൊണ്ട് ഇതിൽ നിന്നെല്ലാം പിന്നിലാവുകയാണ്.. സ്കൂളിൽ പിന്നിലായി

ഒളിച്ചും പാത്തും പുകയില കഞ്ചാവ് മറ്റു മയക്കുമരുന്ന് പോലെയുള്ള ലഹരി ഉപയോഗിക്കുന്നത് സോഷ്യൽ മീഡിയയിലൂടെ നാം കാണുന്നുണ്ട്.

തനിക്ക് ജീവിതത്തിൽ ഇങ്ങനെ ഒരു ലക്ഷ്യമുണ്ട് എന്നതുപോലും മറന്ന് പഠനമെല്ലാം മാറ്റിവച്ച് ലഹരിക്ക് അടിമയായി സ്വ



ന്തം ശരീരത്തെ തന്നെ തകർക്കുകയാണ് ഈ മക്കൾ..

സ്കൂളിന് പുറത്തായി ലഹരി വില്പന നടത്താൻ വേണ്ടിവരുന്ന ചിലരുടെ കൈകളിൽ നിന്ന് ഒരു തവണ രുചിച്ചു നോക്കുകയും സ്ഥിരമായി അവർക്ക് അതിനോടുള്ള അട്രാക്ഷൻ കൂടുകയും ചെയ്യുന്നതോടെ വീട്ടിൽ വന്നു മാതാപിതാക്കളോട് പണം ആവശ്യപ്പെടുകയും മറ്റൊന്നും ചിന്തിക്കാതെ തന്നെ തന്റെ മക്കളെ പഠനം ആവശ്യത്തിനാണ് പണം എന്ന് കരുതി ഓരോ അച്ഛനും അമ്മയും പണം നൽകുകയും അവർ അതുകൊണ്ട് കൂടുതൽ കൂടുതൽ ലഹരി ഉപയോഗിക്കുകയും നശിക്കുകയും ചെയ്യുന്നു..

ലഹരി ഉപയോഗം മാരകമായ രോഗങ്ങൾക്ക് വരെ കാരണമാകുന്ന ഒന്നാണ് പുകയില സ്ഥിരമായി ഉപയോഗിക്കുന്ന ഒരാളുടെ ശ്വാസകോശത്തിന് തകരാർ വന്ന് കാൻസർ വരെ എത്തുകയും ചെയ്യും..

എന്തിന് സ്ഥിരമായി ഇത് ഉപയോഗിക്കുന്നവർ സിഗരറ്റ് പാക്കിൻറെ കവറിങ്ങിൽ കൊടുത്ത ചിത്രം കണ്ടിട്ടും അതിനെക്കുറിച്ച് ചിന്തിക്കാനുള്ള ഒരു ബുദ്ധി പോലും കാണിക്കുന്നില്ല എന്നതാണ് സത്യം..

കഞ്ചാവും സിറിഞ്ച് പോലെയുള്ള മറ്റു മാരകമായ മയക്കുമരുന്ന് ഉപയോഗവും ക്യാൻസർ കിഡ്നിയുടെ തകരാർ പോലെയുള്ള രോഗം വരാൻ കാരണമാകുന്നുണ്ട്.

ഈ ചെറിയ പ്രായം മുതൽ തന്നെ ഇത്തരത്തിലുള്ള അഡിക്ഷൻ വരുകയാണെങ്കിൽ ഇവർ എത്രകാലമാണ് ജീവിക്കുക..

സ്വന്തം ജീവിതത്തെ സ്വയം ഇല്ലാതാക്കി കളയുകയാണ് ഇവർ,അപകടങ്ങളെ സ്വയം വരുത്തിവെക്കുകയാണ്, പക്ഷേ ഇവർ മറ്റുള്ളവർക്ക് ഒരു അപകടകരമാണ് എന്ന് പോലും അവർ ചിന്തിക്കുന്നില്ല..

ലഹരി ഉപയോഗിക്കുന്നതോടെ തലച്ചോറിലെ രാസാഗ്നിയായ റീുമാശില എന്നതിന്റെ അളവ് കൂടുകയും അനാവശ്യമായ ചിന്തകൾ ഇവരിൽ വന്നു കൂടുകയും ചെയ്യുന്നു..

ഈ ചിന്തകൾ കൊണ്ട് ഇവർ തല്ലി തകർക്കുന്നത് ഒരുപാട് നല്ല ബന്ധങ്ങളെയും സ്നേഹത്തെയും സന്തോഷത്തെയും ആണ്..

ചിലർ പറയുന്നു തനിച്ചാകുമ്പോൾ സങ്കടപ്പെടുമ്പോൾ സന്തോഷത്തിനുവേണ്ടിയാണ് സമാധാനത്തിനുവേണ്ടിയാണ് ലഹരിയെ കൂട്ടുപിടിക്കുന്നത് എന്ന്.

പക്ഷേ അവർ ചിന്തിക്കുന്നില്ല തൻറെ സന്തോഷത്തെ ഇല്ലാതാക്കുന്ന ആദ്യപടിയാണ് താൻ എടുത്തു വച്ചിരിക്കുന്നത് എന്ന്..

ചിന്തിക്കേണ്ടതില്ലേ പ്രവർത്തിക്കേണ്ടതില്ലേ വരും തലമുറയെ സംരക്ഷിക്കേണ്ടത് നമ്മളല്ലേ.

ഇന്ന് 15 16 17 വയസ്സുകളിൽ ആയിട്ടാണ് ലഹരി ഉപയോഗം തുടങ്ങിയത് എങ്കിൽ വരും തലമുറ എങ്ങനെയായിരിക്കും ഇത് ഉപയോഗിക്കുക?

സ്വന്തം വീടുകളിൽ തന്റെ അച്ഛന് പുകവലിക്കുന്നുണ്ടല്ലോ അപ്പോൾ പിന്നെ ഞാൻ ഉപയോഗിച്ചാൽ കുഴപ്പമില്ല എന്ന ചിന്തയിൽ തുടങ്ങുകയും മറ്റു ലഹരിക്ക് അടിമപ്പെടുകയും ചെയ്യുമ്പോൾ

പിതാവേ വെറുതെ എന്തിനാണ് തെറ്റായ ഒരു വഴി തൻറെ മക്കൾക്ക് തുറന്നു കൊടുക്കുന്നത്?

ആദ്യം മാറേണ്ടത് നിങ്ങളല്ലേ ആവശ്യത്തിന് കൂടുതൽ പണംകുട്ടികളുടെ കയ്യിൽ കൊടുത്തയക്കുകയും അത് ചെലവാകുമ്പോൾ എന്തിനുപയോഗിച്ചത് എന്നത് പോലും ചോദിക്കാതെ ലഹരി അടിമപ്പെട്ട കുട്ടികളെ വീണ്ടും അതിൽ തന്നെ വളർത്തിയെടുക്കുകയല്ലേ നിങ്ങൾ?

തന്റെ മക്കൾ അങ്ങനെയൊന്നും ചെയ്യില്ല എന്ന് പറഞ്ഞ് അഹങ്കരിച്ചു നടക്കുന്ന മാതാപിതാക്കൾ പോലും അറിയുന്നില്ല ആരും കാണാതെ അറിയാതെ ഒളിച്ചും പാത്തും അവർ പുകവലിക്കുകയും മറ്റും ഉപയോഗിക്കുകയാണ് എന്നത്..

തന്റെ മക്കൾ നല്ല പാതയിൽ തന്നെയല്ലേ വളരുന്നത് എന്നും വളർത്താൻ വേണ്ടിയും ഓരോ മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതില്ലേ?

തെറ്റന്ത് ശരിയെന്ത് എന്ന് ഓരോ മാതാപിതാക്കളും തൻറെ മക്കൾക്ക് പറഞ്ഞുകൊടുക്കുകയാണെങ്കിൽ ഒരാൾ പോലും ഇന്ന് ലഹരിക്ക് അടിമപ്പെടുകയില്ലായിരുന്നു.ലഹരി ഉപയോഗങ്ങൾ കൊണ്ട് ഒരിക്കലും സന്തോഷങ്ങൾ നേടാൻ കഴിയില്ല. തീരാനഷ്ടങ്ങൾ മാത്രമാണ് ഉണ്ടാവുക .

ഇന്ന് നാം സൂക്ഷിക്കുകയാണെങ്കിൽ നമ്മുടെ മക്കളും വരുന്ന തലമുറയും സുരക്ഷിതരാണ്

# ഓർമയിലെ ബാല്യം



നുഷറ സി എച്ച്



എല്ലാ വേനലവധിയും ഒരു ആഘോഷമാണ്. പാടത്തും വരമ്പത്തും, തോട്ടിലും മേട്ടിലും, ഇനി എത്താത്ത സ്ഥലം ബാക്കിയുണ്ടാവില്ല. അവധി ആവുമ്പോഴേക്കും ഐശൂന്റെ വീട്ടിൽ എല്ലാവരും വിരുന്നു വന്നിട്ടുണ്ടാവും. പിന്നെ ഐശു ആരെണെന്നറിയോ  എന്റെകളികൂട്ടുകാരി,

കുഞ്ഞുനാൾതൊട്ടുള്ള കൂട്ടാണ് ഞങ്ങൾ.

ഞാനും അമലുവും ഐശുവും അഖിലേച്ചി, അശ്വതി എല്ലാവരും കൂടി റബർ തോട്ടമുണ്ട് അങ്ങോട്ട് പോവും.

അവിടെയാണ് തണുപ്പുള്ള സ്ഥലവും .

നിറയെ പാറകളുണ്ട് അവിടെ ഞങ്ങളെല്ലാവരും ഒളിഞ്ഞു കളിക്കും.

അശ്വതി എപ്പോഴും പിണങ്ങും കളിയിൽ തോറ്റാൽ.

പിണക്കം മാറി കളി തുടങ്ങുമ്പോഴേക്കും വീട്ടിൽ നിന്ന് വിളി ഉയർന്നിട്ടുണ്ടാവും!

ക്ഷീണം മാറ്റാൻ വീട്ടിലെ തന്നെ പലതരം മാവുകളിൽ നിന്ന് പഴുപ്പിക്കാൻ വെച്ച മാങ്ങകളുണ്ട് എല്ലാവരും കൂടി അത് കഴിക്കും, അങ്ങനെ വൈകുന്നേരങ്ങളിൽ ഞങ്ങൾക്ക് മാത്രമെന്ന് ഞങ്ങൾ അവകാശപെടുന്ന ഒരു സ്ഥലമുണ്ട് അവിടെഎല്ലാവരും ഓരോന്ന് പറഞ്ഞു ഇരിക്കും.

അവിടെ തന്നെ വലിയ വാകമരമുണ്ട് അതിലെ പൂക്കൾ ചുവന്ന മെത്ത പോലെ താഴെ പൊഴിഞ്ഞു കിടക്കുന്നുണ്ടാവും വെയിലിന്റെ ചൂടിൽ വാകപൂക്കൾ വെട്ടി തിളങ്ങും അവിടെ കൊഴിഞ്ഞു കിടക്കുന്ന പൂക്കളിൽ നിന്ന് നഖം പോലെ അടർത്തിയെടുത്ത്

കൈവിരലുകളിൽ ഒട്ടിച്ചു വെക്കും എന്നിട്ട് പ്രേതം പോലെ കളിക്കും.,

അതിന്റെ വിത്ത്കളുണ്ടാവുന്ന ഭാഗം വാളുപോലെയുണ്ടാവുംഅതുകൊണ്ടും കളിക്കും.,

ആ തൊടിയുടെ ചുറ്റും പനകളുണ്ട് ആൺ പനയും, പെൺ പനയുമായിട്ട് ഇടക്ക് വീശുന്ന കാറ്റിൽ പനയോലകൾ കൂട്ടിയിരുമി വലിയ ശബ്ദമുണ്ടാവും ഇടയിൽ പനം കുലയും, വവ്വാലുകളും, കാറ്റിന്റെയൊപ്പം നിലത്തുവീഴും .അപ്പോളൊക്കെ വല്ലാത്തൊരു അനുഭൂതിയായിരുന്നു!

ഇതിലും ചെറിയ പ്രായത്തിൽ എന്റെ ഉമ്മയുടെ വീട്ടിലായിരുന്നു ഞങ്ങൾ.

അവിടെയാണെങ്കിൽ നിറയെ കശുമാവിൻ തോപ്പും കൊക്കോ മരവും ജാതിതോട്ടവും അവിടെയാണ് ഞങ്ങളുടെ കളി സ്ഥലം, അതാണ് ഞങ്ങളുടെ ലോകവും.

ഞങ്ങൾ കുറേ പേരുണ്ടാവും കളിക്കാനായി.

ഞാനാണതിൽഇളയത് പിണങ്ങിയും, ഇണങ്ങിയും തല്ലുകൂടിയുമൊക്കെ ആ നിമിഷങ്ങൾ ഇന്നോർക്കുമ്പോൾ വല്ലാത്തഅനുഭൂതിയാണ്. അങ്ങനെ

ഞങ്ങളെല്ലാവരും കൂടി പാറമടേക്കും, തേക്കുംകൂപ്പിലേക്കും പോകും. തേക്കുംകൂപ്പിൽ വലിയ വലിയ പാറകളുണ്ട് പല ആകൃതിയിൽ സിംഹാസനവും പരവതാനിയും പല്ലക്കും പോലെ മനോഹരമായ കട്ടിലുകണക്കെ ഞങ്ങളെല്ലാവരും രാജകൊട്ടാരമായി കളിക്കും

അവിടെവിടെങ്ങളിലായി പാറ കൊണ്ടുള്ള ഗുഹകളുണ്ട് അവിടെയാരോ പറ്റിക്കാനായി രുദ്രാക്ഷമാല കൊണ്ടിട്ടുണ്ട് ഞങ്ങളവിടെ സന്യാസി ഉണ്ടെന്നു പറഞ്ഞു കളിക്കും അവിടെ വീശുന്ന കാറ്റിനുപോലും നല്ലൊരുഈണമാണ്.

മുളംകൂട്ടങ്ങൾ തമ്മിൽ കാറ്റിലൊട്ടിയിരുമുമ്പോൾ പ്രതേക ശബ്ദമാണ്. കഴിക്കാനായി ഞങ്ങൾ ഭക്ഷണവും കരുതും.,

വെയിലും ചൂടുമറിയാതെ ഞങ്ങളാ മുളംകാട്ടിന്റെയും പാറക്കെട്ടുകളുടെയും മറവിൽ ഒളിഞ്ഞു കളിക്കും ഇടയ്ക്കൊക്കെ പ്രേതമുണ്ടെന്ന് പറഞ്ഞു പേടിച്ച് വീട്ടിലേക്ക് മടങ്ങും.



പോകുന്നവഴിയിൽ വലിയൊരുമാവുണ്ട് അതിൽ പഴുത്ത് നിൽക്കുന്ന മാങ്ങകൾ കാറ്റിൽ ഞങ്ങൾക്കായെന്നപോലെ പൊഴിച്ചിടും അതും കഴിച്ചോണ്ട് വീട്ടിലേക്ക് മടങ്ങും..

കാലം കടന്നുപോയി മനുഷ്യന്റെ മാറ്റങ്ങളനുനുസരിച്ച് എല്ലാം മാറി കനാലിലെ വെള്ളം വരവ് കുറവായി എപ്പോഴും തേനൂറുന്ന മാമ്പഴം കായ്ക്കുന്ന മാവ് വെട്ടികളഞ്ഞു.

വാനിലയുടെ വരവോടെ കൊക്കോപ്പഴം അന്യമായി. കശുമാവിൻ തോപ്പുകളിലെല്ലാം വീടുകൾ ഉയർന്നു. ആ കാറ്റും സുഗന്ധവും ബന്ധങ്ങളും സ്നേഹങ്ങളും മാറിമറിഞ്ഞു..

ഇനിയൊരിക്കലും തിരികെ കിട്ടാത്തവണ്ണം ഉമ്മയുടെ വീട് വിറ്റ് ഞങ്ങൾ അവിടുന്ന് തന്നെ മാറി..

എങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽ നിറംമങ്ങാത്ത ഓർമകളായി ആ നല്ല നിമിഷങ്ങൾ കണ്ണിൽ നനവ് പടർത്തി ഖൽബിൽ നിറഞ്ഞു നിൽക്കുന്നു..

ബാല്യം നൽകിയ ഓർമ്മകളേ എത്രെ സുന്ദരം..




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# കൂട്ടുകാർ വരച്ചത്



**അഫീഫ, ക്ലാസ് 5 ഗൈഡൻസ്**
**പബ്ലിക് സ്കൂൾ, കൊടശ്ശേരി.**



**ആരാധ്യ വർമ്മ സി.കെ**
5.B , ANMMUPS തളി



Ahmad Naeem.P
1.B, C W L P School
P O Cheruvanchery.





**Fathima Rifa. CP**
3 A
A M L P. School Ugrapuram



Devand.M.S
10.C., CMGHS Kuttur, Thrissur



**Fathima Rifa. CP**
3 A
A M L P. School Ugrapuram





Goutham Krishna K.S
CNN BHS Cherpu
Class : 9






Joshwin N.J., 1 C, St. Marys CBPS School kottekkadu

# മരണം ?!

ഒന്നും ഓർക്കാൻ സമയമില്ല....!
ശ്വാസം അണച്ചല്ലോ നാഥാ
അസ്റാഈലിരമ്പം കാതിൽ ഓതി
നാദമൊടുങ്ങിയല്ലോ.....
മണ്ണിനടിയിലെ ഇരുട്ടിൽ
കുബേരനോ...... ?
കുചേലനോ....?
ഉടമയോ .......?
അടിമയോ .....?
വ്യത്യാസമില്ല, പരിഗണനകളില്ല ..!
കൂരിരുട്ടിൽ രാവില്ലാ പകലുകൾ
നിലയില്ലാ കയങ്ങൾ
പടച്ചോനോട് തേടാം
ഖൈറായതെങ്കിൽ മരണമേ തേടിവരൂ


*അശ്മിൽ .വി* *വെള്ളലശ്ശേരി*
*8 th std*
*ജാമിഅ ഐനുൽ ഹുദാ കാപ്പാട്*
*കൊയിലാണ്ടി*


# *ഉയർത്തെഴുന്നേൽപ്പ്*

ഒരു പിടി പ്രതീക്ഷയും പതറാത്ത
കാൽപാദങ്ങളോടെ നാളെയെ
സൃഷ്ടിക്കാനിറങ്ങിപ്പുറപ്പെട്ട വീരന്മാർ
നേടിയ നിധി പെട്ടിയോ ഇത്?
വർത്തമാനത്തിനപ്പുറം
വിരിയുന്ന കുരുന്നുകളുടെ ആശയാം
പുഞ്ചിരിയുടെ പ്രതിഫലമോ ഇത്?
എഴുത്തച്ഛന്റെ സംഭാവനയാൽ
രചയിതമായ മലയാളസാഹിത്യത്തിൽ
കഥ ചൊല്ലുന്നതിതുതന്നെയെല്ലയോ?
ഇളയമെങ്കിലും കുത്തിയൊഴുകുന്ന
പെരിയാറിനെപ്പോലെ,
ഉറങ്ങുന്ന പൈതൃകങ്ങളാൽ
നിറഞ്ഞാടുന്ന അന്തരീക്ഷത്തെ
കാർമേഘം മൂടുന്നുവോ?
തകർച്ചയോടടുത്തുകൊണ്ടിരിക്കുന്ന
കേരള പ്രകൃതിയെ
ഉയർത്തെഴുന്നേൽപ്പിക്കാൻ
ഇനിയും കാലദൈർഘ്യമോ?


*മുഹമ്മദ് ത്വയ്യിബ് കെ. ടി*
*madin school of* *excellence*
*class-9*


ചെറുകഥ..

# മരം എവിടെ?


Aranya. PS
GHS Sreekaryam
5th standard


പണ്ട് പണ്ട് ആലത്തൂർ എന്ന ഗ്രാമത്തിൽ ഒരു കുഞ്ഞുവീട്ടിൽ അമ്മയും അച്ഛനും രണ്ടു മക്കളും ഉണ്ടായിരുന്നു.. അമ്മയുടെ പേര് ഷീല. അച്ഛന്റെ പേര് രമേശൻ. കുട്ടികൾ അനിയനും ചേട്ടനുമാണ്. മൂത്തവന്റെ പേര് അപ്പു എളേതിന്റെ പേര് പ്രിൻസ്. ഇവരുടെ അവധി കഴിഞ്ഞ് ഇവർ സ്കൂളിൽ പോയി. അവിടെ നിന്ന് കുട്ടികൾക്ക് എല്ലാവർക്കും മാവിൻ തൈ കിട്ടി. ടീച്ചർ പറഞ്ഞു ഇത് നടുന്നതിന്റെ വീഡിയോയും ഒരു വർഷം കഴിഞ്ഞു ഇത് വളർന്നു നിൽക്കുന്ന ഫോട്ടോയും സ്കൂൾ ഗ്രൂപ്പിൽ ഇടണേ.. അപ്പോൾ അപ്പു ടീച്ചറോട് ചോദിച്ചു ടീച്ചർ ഇത് നട്ടു കഴിഞ്ഞു കുറച്ചു ദിവസം കഴിഞ്ഞാൽ ഒരു വലിയ മാവ് ആവുമോ..?.ടീച്ചർ പറഞ്ഞു അതിന്റെ ഉത്തരം ഞാൻ തരില്ല. നിങ്ങൾ തന്നെ കണ്ടുപിടിക്കണം..അപ്പോൾ കേട്ടുകൊണ്ടിരുന്ന പ്രിൻസ് ചോദിച്ചു, ടീച്ചർ ഇത് നട്ടു കഴിഞ്ഞു നമ്മൾ ക്ഷമ യോടെ കാത്തിരുന്നാൽ പോരെ?.അത് കേട്ട് ടീച്ചർ തുടർന്നു..അല്ല ഈ തൈയുടെ ചുവട്ടിൽ എന്നും വെള്ളം ഒഴിക്കുകയും അതിനോട് കൂട്ടുകൂടുകയും ചെയ്യണം.

വർഷങ്ങൾ കടന്നു പോകുമ്പോൾ ഈ ചോദ്യത്തിന്റെ ഉത്തരവും നിങ്ങൾക്ക് ലഭിക്കും. ക്ഷമയാണ് നമ്മുടെ ജീവിതത്തിനു വേണ്ട ആയുധം. ക്ഷമയോടെ കാത്തിരിക്കൂ ഉത്തരം കിട്ടാതിരിക്കില്ല..

രണ്ടു മൂന്നു വർഷങ്ങൾക്ക് ശേഷം കുട്ടികൾ വളർന്നു എന്നാൽ തൈ പരിപാലിച്ചിരുന്ന കുട്ടികളുടെ മാവ് മാത്രം അവരുടെ പൊക്കത്തിൽ വളർന്നു.

ടീച്ചർ അസ്സംബ്ലിയിൽ പറഞ്ഞു. മാവിൻ തൈയുടെ ഉത്തരം നിങ്ങൾക്ക് കിട്ടിക്കാണുമല്ലോ.. പരിശ്രമിച്ചവർക്ക് വിജയം കിട്ടിയല്ലോ അഭിനന്ദനങ്ങൾ..

## എന്റെ കൊച്ചു ആഗ്രഹങ്ങൾ

പണ്ട് എനിക്കൊരു ആഗ്രഹമുണ്ടായിരുന്നു കൃഷ്ണനോടൊപ്പം ടൂർ പോയി അടിച്ചു പൊളിച്ചു വരണമെന്ന് . അത് ഇപ്പോ സാധിച്ചു . ഞാൻ എന്റെ പഴയ കാലം നിങ്ങൾക്ക് പറഞ്ഞ് തരാം .

എന്റെ അടുത്ത സുഹൃത്തിന്റെ പേര് കൃഷ്ണൻ . ഞങ്ങൾ എപ്പോഴും പഠിത്തത്തിൽ ലാസ്റ്റും അടിപിടിക്ക് ഫസ്റ്റും ആയിരുന്നു . എന്റെ രക്ഷിതാക്കൾ എത്ര വട്ടം സ്കൂളിൽ ഹെഡ് മാസ്റ്ററെ കാണാൻ വന്നിട്ടുണ്ട് . പക്ഷേ ഒരിക്കലും എന്നെ അവർ വഴക്ക് പറഞ്ഞിട്ടില്ല . കാരണം അവർക്കറിയാം ഒരിക്കലും ഞാൻ നന്നാവില്ലാന്ന് . അങ്ങനെ ഞാൻ ഏഴാം ക്ലാസിൽ എത്തി .ഡ s s പരീക്ഷ എഴുതി . പക്ഷേ എന്റെ കൂട്ടുകാരൻ കൃഷ്ണൻ എഴുതിയില്ല . അവൻ അപകടം പറ്റി കിടക്കുകയായിരുന്നു . എനിക്ക് ഭയങ്കരം സങ്കടം ആയി . മൂന്ന് കൊല്ലം പോയി പത്താം തരം . പേടിച്ചിരുന്ന ആ കാലം എത്തി . കൃഷ്ണൻ ഇപ്പോളും കിടപ്പിലാണ് . കാലും കൈയ്യും അനക്കാൻ പറ്റില്ല . എന്റെ ക്ലാസിൽ എല്ലാവർക്കും സങ്കടമാണ് . അങ്ങനെ പരീക്ഷ അടുത്തു . ഇനി സമയമില്ല .പഠിത്തം തുടങ്ങി . എന്റെ കളി ചിരികൾ ഏഴാം ക്ലാസു മുതൽ തന്നെ നിന്നതാണ് . കൃഷ്ണന് അപകടം പറ്റിയത് കൊണ്ട് ഇനി പഠിത്തം മാത്രം മതി എന്ന് കരുതി . പഠിത്തം കൊണ്ടേ എന്റെ ആഗ്രഹം സാധിക്കൂ . പരീക്ഷ എത്തി . പാസ്സ് ആയി . പ്ലസ്ടു കഴിഞ്ഞു . ഞാൻ ഡോക്ടറായി , എന്റെ ആദ്യ ദിവസം ആദ്യ രോഗി എന്റെ ഏറ്റവും അടുത്ത സുഹൃത്തായ കൃഷ്ണൻ ആയിരുന്നു . അവനിപ്പോൾ നടക്കാൻ കഴിയും. അങ്ങനെ ഒരു മാസത്തിന് ശേഷം ഞങ്ങൾ ടൂർ പോയി . എന്റെ കുടുംബവും കൃഷ്ണന്റെ കുടുംബവും ഉണ്ടായിരുന്നു .

**മിൻഹാജ് കാപ്പുങ്ങൽ**
7. C, **ജി.എച്ച്.എസ് കാപ്പ്**

## മനുഷ്യൻ മരമായാൽ

ഒരു മരം
നെറുകയിൽ 'കണ്ണെ'ന്ന
പൊത്ത്
എന്തും കേറും

താഴെ 'മൂക്കെ'ന്ന മാളം
കാറ്റിനഭയം

അടിഭാഗം
'വായെ'ന്ന വിള്ളൽ
ഉള്ളിൽ 'നാവെ'ന്ന നാഗം
വിഷവും കഷായവും
മാറിച്ചീറ്റും

നെടുകെ 'കയ്യെ'ന്ന
ശിഖിരങ്ങളിൽ
'വിരലെ'ന്ന ഇലകൾ

അടിയിൽ 'കാലെ'ന്ന വേര്
അടിപതറാതെ കാക്കും

ഉള്ളറയിൽ 'ഹൃദയ'മെന്ന
ഓന്ത്
കറുത്താൽ വെളുപ്പിക്കാൻ
പണിയാണ്

**അൻസിൽ പാങ്ങ്**
**മഅ്ദിൻ സ്കൂൾ ഓഫ് എക്സലൻസ്**
**ക്ലാസ്: 9**

കഥ*

## കൂട്ടം തെറ്റിയ ആട്ടിൻകുട്ടി

ഒരു ദിവസം കിട്ടനാടും കൂട്ടുകാരും തീറ്റ തേടി കാട്ടിലേക്ക് പോയി. അവൻ പുല്ലു തിന്നുന്നതിനിടയിൽ ഒരു ശബ്ദം കേട്ടു. വെടിവെക്കുന്ന ശബ്ദമായിരുന്നു അത്. ആടുകൾ എല്ലാവരും കൂട്ടം തെറ്റി. കിട്ടൻ വേറെ ഒരു കാട്ടിൽ എത്തി. അവൻ കാട്ടിലൂടെ നടന്നു. അവൻ കുറേ ശബ്ദങ്ങൾ കേട്ടു. കിട്ടന് പേടിയായി. അവൻ ഒരു പാറക്കല്ലിൽ ഇരുന്നു. കിട്ടന് അമ്മയെ കാണാൻ കൊതിയായി. കിട്ടന് ദാഹിച്ചു.കുറെ നടന്നപ്പോൾ ഒരു കുളം കണ്ടു. അവൻ അതിൽ നിന്ന് വെള്ളം കുടിച്ചു. കുറച്ചു നടന്നപ്പോൾ ആരുമില്ലാത്ത സ്ഥലം കണ്ടു. അവൻ അവിടെ കിടന്നുറങ്ങി. രാവിലെ ആയപ്പോൾ കുറെ മൃഗങ്ങൾ അവന്റെ ചുറ്റും ഉണ്ടായിരുന്നു. അവന് പേടിയായി. കിട്ടനോട് അവർ പല ചോദ്യങ്ങൾ ചോദിച്ചു. കിട്ടൻ എല്ലാത്തിനും ഉത്തരം പറഞ്ഞു. അവൻ നടന്ന എല്ലാ കാര്യവും അവരോട് പറഞ്ഞു. അവർ കിട്ടനെ വീട്ടിലേക്ക് കൊണ്ടുപോയി. പിന്നെ അവൻ അമ്മയുടെ കൂടെ സുഖമായി ജീവിച്ചു.

**റജ ഫാത്തിമ പി.കെ**
3.A
GMUP School Mundambra

കവിത

## അഭയാർത്ഥി

പിറന്ന മണ്ണ് വെടിഞ്ഞ്
അയൽ നാട്ടിലേക്കൊഴുകവേ,
പിഴുതെറിഞ്ഞവരെ നോക്കി,
പല്ലിറുമ്മി, കണ്ണീരൊഴുക്കി.

മധുരിവും കൈപ്പുമുള്ള
ഓർമ്മകളുടെ ഭാണ്ഡം ചുമന്ന്
നടന്നു നീങ്ങി.

വഴിലുടനീളം കണ്ടു,
നിണം പുരണ്ട
നിശ്ചല ദേഹങ്ങൾ
സ്വർഗീയമായ്
മന്ദഹസിക്കുന്നു.

വർണ്ണക്കിളികളുടെ
മധുരസ്വരങ്ങൾക്കു പകരം
മിസൈലുകളുടെ ഇരമ്പം
കാതിലലിഞ്ഞു തീരുന്നു.

പുതുമണ്ണിൻ ഗന്ധമുള്ള മണ്ണിലേക്ക്
പാദമൂന്നവെ,
മനസ്സിലാളുന്ന ചിത്രങ്ങളവനെ
തളർത്തിയിരുത്തുന്നു.
അഭയാർത്ഥിത്വമെന്ന
അനിശ്ചിതത്വത്തിന്റെ വിലാസം
തലവരയാകുന്നു.
ഒരാത്മാവു കൂടി
അനാഥമാകുന്നു

***അൻസിൽ പാങ്ങ്***
*മഅ്ദിൻ സ്കൂൾ ഓഫ് എക്സലൻസ്*
*ക്ലാസ്: 9*

## Shining Sun

The shining sun,
Let's have some fun!
The sun is bright,
It gives me light.
But clouds roll in and hide the sun,
And suddenly, there's no more fun.
The clouds grow dark and start to rain,
The ground gets wet—I slip in pain.

**Fahmidha Sulthana K V**
Grade 5
Eminence Private School
Fujairah, United Arab Emirates